# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 41 ലക്കം നവംബർ 2022 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



‘ഇതാ ഞാൻ കർത്താവിന്റെ ദാസി’
എന്നു പറഞ്ഞുകൊണ്ട്  വിശ്വാസപൂർവ്വം
വചനം ഏറ്റുവാങ്ങിയ പരിശുദ്ധ അമ്മേ,
അങ്ങയെപ്പോലെ ശുദ്ധവും നിർമലവുമായ
ഹൃദയത്തോടെ വചനം കേട്ട്
ക്ഷമാപൂർവ്വം ഫലം നൽകുന്നവരാകുവാൻ
ഞങ്ങൾക്കായി മാധ്യസ്ഥ്യം യാചിക്കണേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**വാല്യം 41 മംഗളവാർത്ത ലക്കം നവംബർ 2022**

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഷ്ളവറി ചോതിരക്കുന്നേൽ** A.O.

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ** A.O.

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ** A.O.
**ജിസ കൂട്ടിയാനിക്കൽ** A.O.
**സിജി കുന്നത്ത്** A.O.

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ** A.O.
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ** അ.ഛ.

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- മംഗലവാർത്ത-സ്നേഹത്തിന്റെ സുവിശേഷം 5
- സഭയുടെ രൂപരേഖ 7
- തെറ്റുപറ്റുന്നത് ആർക്ക്? 10
- കാത്തിരിപ്പ് 12
- ചെറുപുഷ്പമേ 14
- തീരം 15
- ജ്ഞാനികളോടൊപ്പം പുൽക്കൂട്ടിലേക്ക് 17
- പൊറുക്കലും മറക്കലും അനുരഞ്ജനവും... 19
- എന്തിനാണ് നീ ജനിച്ചത്? 21
- കിടപ്പാടം 23
- ഏലി 24
- സെനക്കിൾ തരംഗം 27
- നീ അവനോടു ചോദിച്ചോ? 28
- അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ 30

# രക്ഷകൻ



നൂറ്റാണ്ടുകളുടെ കാത്തിരിപ്പിനും പ്രാർത്ഥനയ്ക്കും ദൈവം നൽകിയ ഉത്തരമായിരുന്നു ക്രിസ്തുമസ്. ആഗ്രഹിച്ചും പ്രാർത്ഥിച്ചും കാത്തിരുന്നു ലഭിച്ച സമ്മാനത്തെ പക്ഷേ, ദൈവജനത്തിനു തിരിച്ചറിയാൻ കഴിഞ്ഞില്ല. ആരാധനക്രമവത്സരത്തിന്റെ ഒരു പുത്തനാണ്ടിലേക്കു നാം പ്രവേശിക്കുമ്പോൾ കൂടെനടക്കുന്ന രക്ഷകന്റെ സാന്നിധ്യത്തെ തിരിച്ചറിയാനാകുന്നുണ്ടോ എന്ന വ്യഗ്രത നമ്മുടെ ഹൃദയത്തിലുണ്ടായിരിക്കട്ടെ.

സ്വർഗരാജ്യത്തിനുവേണ്ടിയുള്ള മത്സരത്തിലും ഒന്നാം സ്ഥാനം നേടണമെന്ന വിചാരത്തോടെയാണ് നാം കഴിഞ്ഞ വർഷത്തിന്റെ പടിയിറങ്ങിയത്. പത്രത്തിന്റെ താളുകളിൽ 'കുറ്റകൃത്യങ്ങളിൽ കേരളം ഒന്നാം സ്ഥാനത്ത്' എന്നൊരു ദുഃഖവാർത്ത കണ്ടു. ഇന്ത്യയിൽ ക്രൈസ്തവരുടെ എണ്ണത്തിലും ഒന്നാമതു നിൽക്കുന്നതു കേരളം തന്നെയാണ് എന്ന സത്യം അഭിമാനത്തോടെ വിളിച്ചുപറയേണ്ടതോ അതോ ലജ്ജയോടെ മൂടിവയ്ക്കേണ്ടതോ എന്നത് ഒരു ചോദ്യമാണ്. ക്രൈസ്തവസാന്നിധ്യം അധികമുണ്ടെന്നാൽ കൂടെയുള്ളവർക്കു രക്ഷകരാകുന്നവരും കൂടെയുള്ള രക്ഷാകരസാന്നിധ്യത്തെ തിരിച്ചറിയുന്നവരും ഏറെയുണ്ടെന്നർത്ഥം.

മദ്യമയക്കുമരുന്നുകളും പ്രണയപ്പകയും ഓൺലൈൻ ഗെയിമുകളും ഒക്കെ ജീവിതങ്ങളുടെ സ്വച്ഛമായ ഒഴുക്കിനെ തടസ്സപ്പെടുത്തുമ്പോഴും രക്ഷയുടെ മംഗളവാർത്ത അറിയിക്കുവാൻ കടമയുള്ളവർ ക്രൈസ്തവർ തന്നെയാണ്. ദൂരെയൊരു വീട്ടിലെ രൂപക്കൂട്ടിൽ കത്തിച്ച മെഴുകുതിരിയുടെ വെളിച്ചത്തിൽ വിരിച്ച കരങ്ങളുമായി മുട്ടിന്മേൽ നിൽക്കുന്ന മാതാപിതാക്കളുടെ കണ്ണീരൊപ്പേണ്ടവർ സ്വയം നശിക്കാൻ നാം അനുവദിച്ചുകൂടാ. തിരുത്തേണ്ടതു തിരുത്താനും നേർവഴിക്കു നയിക്കാനും ഉള്ള കടമ നിർവ്വഹിക്കുമ്പോൾ നാമും രക്ഷകന്റെ വേഷം അണിയുകയാണ്.

ഉണ്ണീശോയ്ക്കു പുൽക്കൂടൊരുക്കുവാൻ നോമ്പും പ്രാർത്ഥനയും സുകൃതങ്ങളും വഴി നാം തയ്യാറെടുക്കുമ്പോൾ അപരന്റെ ഹൃദയത്തിലും പുൽക്കൂട് ഒരുങ്ങുന്നുണ്ട് എന്നുറപ്പു വരുത്താനായാൽ ഈ ക്രിസ്തുമസ് ധന്യമായി. 'പുകഞ്ഞകൊള്ളി പുറത്തെന്നു' കരുതി പ്രാർത്ഥനയ്ക്കുപോലും വിഷയമാക്കാതെ കൂടെപ്പിറപ്പിനെ പുറത്താക്കുമ്പോൾ ഓർക്കണം അവനു രക്ഷകനാകാനാണ് ദൈവം എന്നെ നിയോഗിച്ചിരിക്കുന്നത് എന്ന്.

പുത്രന്റെ കൂടെ നടന്നതിനാൽ ജീവിതത്തിൽ അനുഭവപ്പെട്ട സഹനങ്ങളിലൊന്നും പരിശുദ്ധ അമ്മ പതറിയില്ല. സമൂഹം ഭ്രാന്തനെന്നും പിശാചുബാധിതനെന്നും മുദ്രകുത്തിയപ്പോഴും അമ്മ അറിഞ്ഞിരുന്നു തന്റെ മകൻ ലോകരക്ഷകനായ മിശിഹായാണെന്ന്. കൂടെയുള്ള രക്ഷകസാന്നിധ്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് നമ്മുടെ ജീവിതത്തെ കൂടുതൽ സ്വസ്ഥമാക്കാം. കൂടെയുള്ളവരുടെ ജീവിതത്തിനു കാവലൊരുക്കി അവരുടെ ജീവിതത്തെ സുസ്ഥിരമാക്കാം. ഏവർക്കും പിറവിത്തിരുന്നാളിന്റെ മംഗളങ്ങൾ.

**ചീഫ് എഡിറ്റർ**

# മംഗലവാർത്ത: സ്നേഹത്തിന്റെ സുവിശേഷം



റവ. ഡോ. ജോർജ് തെക്കേക്കര

രക്ഷാചരിത്രത്തിന്റെ അടിസ്ഥാനശിലയായ മനുഷ്യാവതാരരഹസ്യത്തെക്കുറിച്ചുള്ള ധ്യാനചിന്തകളിലൂടെ നമ്മെ നയിക്കുന്ന മംഗലവാർത്തക്കാലം നമ്മിലുണർത്തുന്നത് സന്തോഷത്തിന്റെയും പ്രത്യാശയുടെയും സമ്മിശ്രവികാരങ്ങളാണ്. ദൈവമനുഷ്യബന്ധത്തിന്റെ പുതിയൊരു അദ്ധ്യായമാണ് മംഗലവാർത്ത എഴുതിച്ചേർക്കുന്നത്. ഒപ്പമായിരിക്കുന്ന, കൂടെവസിക്കുന്ന ദൈവം ഈ 'ഇമ്മാനുവൽ' അനുഭവമാണ് പ്രത്യാശയുടെ പുതിയ തീരങ്ങളിലേക്ക് നമ്മെ കൈപിടിച്ച് അടുപ്പിക്കുന്നത്.

ദൈവികമേഖലയിൽനിന്നും മനുഷ്യന്റെ അവസ്ഥയിലേക്കുള്ള ചെറുതാകൽ ദൈവത്തെ സംബന്ധിച്ചിടത്തോളം അസാധ്യമായ ഒരു കാര്യമല്ല. എന്നാൽ ദൈവത്തിന്റെ 'സ്വയം ശൂന്യവത്കരണം' എന്നാണ് ദൈവശാസ്ത്രജ്ഞന്മാർ അതിനെ

വിശേഷിപ്പിക്കുന്നത്. ദൈവമായിരുന്നിട്ടും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിക്കാതെ അവൻ സ്വയം ശൂന്യനാക്കി (ഫിലി 2,6-7). സമാനതകൾ ഉറപ്പിക്കുവാൻ പരസ്പരം പോരടിക്കുന്ന സ്ത്രീപുരുഷന്മാരുടെ ലോകത്തിലേക്കാണ് സമാനതകൾ ഉപേക്ഷിച്ച് അവൻ വരുന്നത്!

മനുഷ്യാവതാരമെന്ന മഹാരഹസ്യത്തിന്റെ പൊരുൾ തേടി ചെല്ലുമ്പോൾ നാം എത്തിനില്ക്കുന്നത് സ്നേഹമെന്ന മഹാസാഗരത്തിലാണ്. വചനമായ ദൈവം മാംസം ധരിച്ച് മനുഷ്യജീവിതത്തിന്റെ ക്ഷണികതയും നശ്വരതയും ദരിദ്രാവസ്ഥയും യാദൃശ്ചികതയുമെല്ലാം അടങ്ങുന്ന സമ്പൂർണ്ണ മനുഷ്യപ്രകൃതി സ്വീകരിക്കുന്നത് സ്നേഹത്തെപ്രതിയാണ്. മിശിഹാ യഥാർത്ഥത്തിൽ മാംസം ധരിച്ച ദൈവസ്നേഹമാണ്. മിശിഹായുമായുള്ള നിരന്തരസമ്പർക്കത്തിലൂടെ ഈ സ്നേഹത്തെ ധ്യാനിച്ചെടുത്തിട്ടാണ് യോഹന്നാൻശ്ലീഹാ ''ദൈവം സ്നേഹമാണ്'' (1 യോഹ 4,8) എന്ന് ഉദ്ഘോഷിക്കുന്നത്.

കലർപ്പില്ലാത്ത ദൈവസ്നേഹത്തിന്റെ നേരനുഭവമാണ് ക്രിസ്തുമസ് നമുക്കു നല്കുന്നത്. ദൈവത്തിന്റെ ശൂന്യവത്കരണം എന്നപോലെ തന്നെ ദൈവസ്നേഹത്തെപ്രതി ത്യാഗങ്ങൾ ഏറ്റെടുക്കുന്ന തിരഞ്ഞെടുക്കപ്പെട്ട മനുഷ്യരുടെ കഥകളും ഇവിടെ ചേർത്തുവയ്ക്കേണ്ടതുണ്ട്. ദൈവഹിതത്തിനുമുമ്പിൽ സമ്പൂർണസമർപ്പണം നടത്തുന്ന പരി. കന്യകാമറിയവും നിശബ്ദനായി ദൈവേഷ്ടം അന്വേഷിക്കുകയും അതിന് എതിരുനില്ക്കാതെ പൂർണ്ണമായി നിറവേറ്റുകയും ചെയ്യുന്ന വിശുദ്ധ യൗസേപ്പും ഈ സ്നേഹചങ്ങലയിൽ ആദ്യത്തെ കണ്ണികളാണ്.

സ്നേഹിക്കുവാൻ ഞാൻ 'എന്നിൽ' നിന്നും ഇറങ്ങിവരണമെന്നും സ്നേഹിക്കുന്ന വ്യക്തിയോട് താദാത്മ്യപ്പെടണമെന്നും വലുപ്പച്ചെറുപ്പങ്ങളെക്കുറിച്ചുള്ള തർക്കങ്ങൾ ഉപേക്ഷിച്ച്, സ്വയം ചെറുതാകുമ്പോഴും അപരനെ ഉയർത്താൻ വെമ്പൽ കൊള്ളുന്ന സ്നേഹത്തിന്റെ പുതിയ സമവാക്യങ്ങൾ രൂപപ്പെടുത്തണമെന്നും മംഗലവാർത്ത മുതലുള്ള മാനവരക്ഷാചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു.

സ്നേഹനിരാസങ്ങളുടെ ഈ ലോകത്തിൽ സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നവരെ ചേർത്തുപിടിക്കേണ്ടതുണ്ട്. ഹൃദയങ്ങളിൽ ആഴിയോളം സ്നേഹം നിറച്ച് വരണ്ടനിലങ്ങളിൽ പെരുമഴയായി പെയ്തിറങ്ങുന്ന സ്നേഹത്തിന്റെ സുവിശേഷങ്ങൾ ജീവിതത്തിൽ എഴുതിച്ചേർക്കുവാൻ ഈ മംഗലവാർത്തക്കാലം നമ്മെ സഹായിക്കട്ടെ.

*"നമ്മുടെ വസ്തുക്കളിൽ പങ്കുപറ്റാൻ ദരിദ്രരെ കഴിവുള്ളവരാക്കാതിരിക്കുന്നത് അവരിൽനിന്നു മോഷ്ടിക്കുന്നതിനും അവരുടെ ജീവൻ നശിപ്പിക്കുന്നതിനും തുല്യമാണ്. നാം കൈവശം വച്ചിരിക്കുന്ന വസ്തുക്കൾ നമ്മുടേതല്ല, പിന്നെയോ അവരുടേതാണ്."*

*(വി. യോഹന്നാൻ ക്രിസോസ്തോം)*



# സഭയുടെ രൂപരേഖ

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

സഭ ഭൂമിയിൽ പിറന്നു വീണപ്പോൾ അതിനുണ്ടായിരുന്ന രൂപരേഖ ശ്ലീഹന്മാരുടെ നടപടി രണ്ടാം അദ്ധ്യായത്തിൽ വ്യക്തമായി കാണാവുന്നതാണ്. അത് ഇപ്രകാരമായിരുന്നു. ''അവർ അപ്പസ്തോലൻമാരുടെപ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു'' (നട 2,42). ഇതിന്റെ വെളിച്ചത്തിൽ സഭ ഇന്ന് എപ്രകാരമുള്ള ഒരു സമൂഹമായിരിക്കണം എന്നു മനസിലാക്കാൻ നമുക്കു ശ്രമിക്കാം.

## സഭ: വചനം സ്വീകരിക്കുന്ന സമൂഹം

നടപടിഗ്രന്ഥത്തിൽ ആദിമസഭാസമൂഹം രൂപം കൊള്ളുന്നത്, വചനം സ്വീകരിക്കുന്ന സമൂഹമായിട്ടാണ്: ''അവൻെറ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു'' (നടപടി 2,41). പന്തക്കുസ്താദിനത്തിലെ പത്രോസിന്റെ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായി മൂവായിരത്തോളംപേർ ജ്ഞാനസ്നാനം സ്വീകരിച്ചുവെന്നും, അപ്രകാരം ആധികാരികമായി സഭ ഉദ്ഘാടനം ചെയ്യപ്പെട്ടുവെന്നുമാണ് നടപടിഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നത്. പത്രോസ് സുവിശേഷപ്രഘോഷണം നടത്തിയത് ഒറ്റപ്പെട്ടല്ല, മറ്റു

പതിനൊന്നു പേരോടുമൊപ്പമാണ് (നടപടി 2,14). അതുകൊണ്ട് വചനം സഭയിൽ പ്രഘോഷിക്കപ്പെടേണ്ടത് ശ്ലൈഹികാധികാരികതയോടു കൂടിയാണ്. പിന്നീട് അവർ ശ്ലീഹന്മാരുടെ പ്രബോധനത്തിൽ... ''സദാ താത്പര്യപൂർവ്വം പങ്കു ചേർന്നു'' എന്നും വ്യക്തമായി പറയുന്നുണ്ട്.

## സഭ: മിശിഹായിൽ വിശ്വസിക്കുന്ന സമൂഹം

ലോകരക്ഷകനായ മിശിഹാ ലോകത്തിലേക്കു കടന്നുവന്നത് മാംസമായ വചനമായിട്ടാണ്. ''ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു'' (യോഹ 1,1.14). മിശിഹായിൽ വിശ്വസിക്കുക എന്നുവച്ചാൽ, മാംസമായ ദൈവവചനത്തിൽ വിശ്വസിക്കുക, വചനത്തിനു പ്രത്യുത്തരം നല്കുന്ന ജീവിതം നയിക്കുക എന്നതാണ്. ഇതുതന്നെയാണ് 'മിശിഹാനുഭവം' എന്നു പറയുന്നതും. ആദിമസഭയുടെ മിശിഹാനുഭവത്തെ യോഹന്നാൻ വിവരിക്കുന്നത് ഇപ്രകാരമാണ്: ''ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു'' (1 യോഹ 1,1-2). അപ്രകാരം മിശിഹായിൽ വിശ്വസിക്കുന്ന, മിശിഹാനുഭവത്തിൽ വളരുന്ന ഒരു സമൂഹമായി സഭയെ നാം കെട്ടിപ്പടുക്കണം.

## സഭ: ത്രിത്വാത്മക കൂട്ടായ്മ

മിശിഹായാകുന്ന ജീവന്റെ വചനാനുഭവമുള്ള സമൂഹമെന്നനിലയിൽ, സഭ ഒരു ത്രിത്വാത്മക കൂട്ടായ്മയായി രൂപാന്തരപ്പെടുന്നു. ശ്ലീഹന്മാരുടെ മിശിഹാ-വചനാ-നുഭവം സഭയുടെ അംഗങ്ങളെ ദൈവികകൂട്ടായ്മയിൽ ഒന്നിപ്പിക്കുന്നു. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ അതു വ്യക്തമായി പറയുന്നുണ്ട്: ''ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു. പിതാവിനോടുകൂടെ ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്'' (1 യോഹ 1,2-3). ഈ ത്രിത്വാത്മകകൂട്ടായ്മയാണ് ആദിമസഭയിൽ യാഥാർത്ഥ്യമായത് (നടപടി 2,42).

## സഭ: അപ്പംമുറിക്കലിൽ ഒന്നുചേരുന്ന സമൂഹം

ആദിമസഭാംഗങ്ങൾ അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു (നടപടി 2,42). 'അപ്പംമുറിക്കൽ' എന്നത് വിശുദ്ധ കുർബാനയർപ്പണത്തെയാണു സൂചിപ്പിക്കുന്നത് (ലൂക്കാ 24,30-31). സഭ ത്രിത്വാത്മകകൂട്ടായ്മയായി ഇന്ന് കെട്ടിപ്പടുക്കപ്പെടുന്ന ഏറ്റം ഉദാത്തമായ വേദി വിശുദ്ധ കുർബാനയർപ്പണമാണ്. ഇന്ന് കത്തോലിക്കാസഭയിലുള്ള എല്ലാ വ്യക്തിസഭകളിലെ കുർബാനയിലുമുള്ള പ്രാർത്ഥന അതിന്റെ തെളിവാണ്. ആ പ്രാർത്ഥന ഇപ്രകാരമാണ്: ''നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ'' (2 കൊറി 13,13). ഈശോമിശിഹായുടെ പരസ്യജീവിതവും ശുശ്രൂഷയും പീഡാനുഭവവും

മരണവും ഉത്ഥാനവും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന വിശുദ്ധ കുർബാന സ്വീകരണമാണ് ഈ ത്രിത്വൈക കൂട്ടായ്മയിൽ സഭാംഗങ്ങളെ ഒന്നിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നത്.

### സഭ: പ്രാർത്ഥനയിൽ പങ്കുചേരുന്ന സമൂഹം

'പ്രാർത്ഥന' എന്ന് നടപടി 2,42-ൽ പറയുന്നത് 'നിശ്ചിതപ്രാർത്ഥനകളിൽ' എന്നാണ് മൂലഭാഷയിൽ കാണുന്നത്. ഇത് സഭയുടെ യാമപ്രാർത്ഥനകളെയാണ് സൂചിപ്പിക്കുന്നത്. ശ്ലീഹന്മാർ വിശ്വാസികളോടൊപ്പം യാമങ്ങളിൽ പ്രാർത്ഥിക്കുവാൻ ദൈവാലയത്തിലേക്കു പോകുന്ന പതിവ് നടപടിഗ്രന്ഥത്തിൽ നമുക്കു കാണാം (നടപടി 3,1). സഭയുടെ യാമപ്രാർത്ഥനകളാണ് വേണ്ടതുപോലെ പ്രാർത്ഥിക്കുവാൻ സഭാംഗങ്ങളെ പഠിപ്പിക്കുന്ന കളരി. എന്തു പ്രാർത്ഥിക്കണം, എങ്ങനെ പ്രാർത്ഥിക്കണം എന്നറിഞ്ഞുകൂടാത്ത നമ്മെ സഭയിൽ ജീവിക്കുന്ന മിശിഹായുടെ അരൂപിയിലൂടെയാണ് ദൈവാരൂപി പഠിപ്പിക്കുന്നത് (റോമാ 8,26). അപ്രകാരം യാമപ്രർത്ഥനകളിൽ പരിശീലിപ്പിക്കപ്പെട്ട് ഒരു സമൂഹമായി വർത്തിക്കുവാൻ സഭയ്ക്കു സാധിക്കണം.

### പ്രേഷിതസമൂഹം

''അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു. രക്ഷപ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു'' (നടപടി 2,47). ഇപ്രകാരം ഒരു സമൂഹമായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ സഭാംഗങ്ങൾ ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. 'സഭ' എന്ന വാക്കിന്റെ (Ecclesia) അർത്ഥം 'വിളിക്കപ്പെട്ടവരുടെ സമൂഹ'മെന്നാണ്. എന്തിനുവേണ്ടിയാണ് വിളിക്കപ്പെട്ടതെന്നു മനസിലാക്കി അതിനനുസൃതമായി ഒരു പ്രേഷിതസമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ സഭാംഗങ്ങൾ ക്കോരോരുത്തർക്കും കടമയുണ്ട്. അതുകൊണ്ട് മേൽപ്പറഞ്ഞവിധം സഭയുടെ മൗലികഘടകങ്ങൾ മനസിലാക്കി, അപ്രകാരമുള്ള ഒരു സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ എല്ലാ സഭാംഗങ്ങൾക്കും സാധിക്കട്ടെ!

### ദൈവദാസൻ വില്യം ജകഃീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/ രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ / ദൈവദാസനായ വില്യം ജകഃീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.............ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച
അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും
അന്വേഷണങ്ങൾക്കും

Apostolic Oblates
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# തെറ്റുപറ്റുന്നത് ആർക്ക്?



**റെനി പുത്തേട്ട്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ശ്രേ**യ എന്ന പ്ലസ്ടുക്കാരി പെൺകുട്ടി, കുനിഞ്ഞ മുഖവും തിളക്കം നഷ്ടപ്പെട്ട കണ്ണുകളും സൗന്ദര്യബോധം ലവലേശമില്ലാത്ത വസ്ത്രധാരണവും. ഒറ്റനോട്ടത്തിൽത്തന്നെ അവൾക്ക് എന്തോ പ്രശ്നമുണ്ടെന്ന് അവളെ കാണുന്നവർക്കു മനസിലാകും.

കോവിഡിനു മുൻപുവരെ അവൾ വളരെ നല്ല കുട്ടിയായിരുന്നു. പഠനവും നല്ല തരക്കേടില്ലാതെ പോയിരുന്നു. എന്നാൽ ഇപ്പോൾ അവൾക്ക് പഠനത്തിൽ തീരെ താത്പര്യമില്ല, എപ്പോഴും മുറിയടച്ച് അതിനുള്ളിൽ കയറി ഇരിപ്പാണ്. ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം മൊബൈൽ കയ്യിൽ കിട്ടിയതാണ് എന്ന് സംശയം തോന്നും അവളുടെ പെരുമാറ്റം കണ്ടാൽ. വീട്ടിൽ ആരോടും അധികം സംസാരിക്കാറില്ല. ഇപ്രകാരമുള്ള ഒരു മുന്നറിയിപ്പ് ഫോണിലൂടെ നൽകിയതിനുശേഷമാണ് ശ്രേയയുടെ പപ്പാ അവളെയുംകൂട്ടി എന്റെ അടുക്കൽ വന്നത്.

ശ്രേയയോട് വളരെ സ്നേഹത്തോടും, താത്പര്യത്തോടുംകൂടി സംസാരിക്കുവാൻ ഞാൻ ശ്രമിച്ചു. എന്നാൽ ആദ്യത്തെ സെഷനിൽ അവളുടെ മറുപടി Yes അല്ലെങ്കിൽ No എന്നതുമാത്രമായിരുന്നു. അവളുടെ ശരീരഭാഷയിൽനിന്നും അവൾ എത്രമാത്രം അസ്വസ്ഥയായിരുന്നുവെന്നതു നന്നായി വായിച്ചെടുക്കാമായിരുന്നു.

നന്നായി പഠിക്കാൻ സഹായിക്കാമെന്ന് ഉറപ്പുകൊടുത്ത്, അടുത്ത കൗൺസിലിംങ്ങിനുള്ള തീയതിയും, സമയവും നൽകി അന്നു പറഞ്ഞയച്ചു. പിറ്റേപ്രാവശ്യം പറഞ്ഞ സമയത്തു തന്നെ ശ്രേയ എത്തിച്ചേർന്നുവെന്നത് സന്തോഷത്തോടെ ഓർക്കുന്നു.

കുറച്ചുനേരത്തെ കൊച്ചുവർത്തമാനത്തിനുശേഷം അവൾ പതുക്കെ അവളുടെ സങ്കടത്തിന്റെ സ്വകാര്യച്ചെപ്പ് തുറക്കാൻ തുടങ്ങി. സിസ്റ്റർ, എന്റെ അമ്മയെയും പപ്പായെയും എനിക്ക് ഇഷ്ടമില്ല. അവരെ കാണുന്നതു തന്നെ എനിക്കു വെറുപ്പാണ്, എപ്പോഴും എന്തെങ്കിലും പറഞ്ഞുകൊണ്ടേയിരിക്കും. അവരുടെ സ്വരം കേൾക്കാതിരിക്കാനാണ് ഞാൻ മുകളിലുള്ള മുറിയിൽപോയി വാതിലും അടച്ച് ഇരിക്കുന്നത്.

കോളേജ് പ്രൊഫസറായ അവളുടെ അമ്മയുടെ സാന്നിധ്യം അവൾക്ക് ഏറെ അസ്വസ്ഥതയാണ്. എല്ലാ വിഷയങ്ങളും പ്രത്യേകിച്ച് അമ്മയുടെ വിഷയമായ കെമിസ്ട്രിയും അവളെ പഠിപ്പിക്കാനുള്ള അമ്മയുടെ പരിശ്രമത്തിന് ഒരു ഫലവും കണ്ടില്ല.

ഒരിക്കൽ അവൾ എന്നോടു പറഞ്ഞു. സിസ്റ്റർ, എന്റെ വീട്ടിൽനിന്നും ഒന്നു മാറി താമസിക്കാൻ ഞാൻ കുറച്ചുനാളായി ആഗ്രഹിക്കുന്നു. എന്റെ പപ്പായുടെയും അമ്മയുടെയും സ്വരം കേൾക്കാത്ത മറ്റൊരിടം, അതിനായി ഞാൻ തന്നെ അദ്ധ്വാനിച്ചു പണം കണ്ടെത്തിക്കൊള്ളാം. ആ പെൺകുട്ടിയുടെ അവികലമായ ചിന്തകൾ എന്നെ ശരിക്കും വേദനിപ്പിച്ചു. യാഥാർത്ഥ്യത്തോട് അല്പംപോലും ബന്ധമില്ലാത്തവിധമായിരുന്നു അവൾ സംസാരിച്ചത്.

ഒരു കൗൺസിലർ എന്ന നിലയിൽ ഞാൻ പറയട്ടെ ഇത് ഒരു ഒറ്റപ്പെട്ട സംഭവമാണ്. ഇന്ന് ഈ പ്രായത്തിലുള്ള പല കുട്ടികളുടെയും കാഴ്ചപ്പാട് ഇതു തന്നെയാണ്. നമ്മുടെ കുട്ടികൾക്ക് എന്ത് പറ്റി? ഒരുപക്ഷേ തെറ്റുപറ്റിയത് മാതാപിതാക്കൾക്കാണോ? ചൊല്ലും ചോറും കൊടുത്തുവളർത്തേണ്ടിയിരുന്ന നമ്മൾ അവർ ആവശ്യപ്പെടുന്നതെല്ലാം ഒരു കുറവും കൂടാതെ വാരിക്കോരിക്കൊടുക്കാൻ മാത്രം ശ്രദ്ധിച്ചപ്പോൾ ചൊല്ല് കൊടുക്കാൻ മറന്നില്ലേ? നമ്മളിൽ എത്രപേർ നമ്മുടെ കുട്ടികളെ വചനത്തോട് ചേർത്തു വളർത്തുന്നവരാണ്? നമുക്ക് എത്രപേർക്ക് കുഞ്ഞുങ്ങളുടെ മുമ്പിൽ യഥാർത്ഥ വിശ്വാസത്തിന്റെ സാക്ഷികളാകാൻ സാധിക്കുന്നുണ്ട്? ദൈവത്തിന്റെ സ്നേഹത്തിന്റെ ചൂട് മക്കൾക്ക് പകർന്നുകൊടുക്കുവാൻ നാം പരിശ്രമിക്കുന്നുണ്ടോ?

ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും ഈശോയെ വളർത്തിയ തിരുക്കുടുംബത്തിലേക്ക് നമുക്കു ദൃഷ്ടിയുറപ്പിക്കാം. പതറാത്ത വിശ്വാസവും നിഷ്കളങ്കതയും പരസ്പരവിധേയത്വവും പരസ്പരം വലിയവരായി കാണാനുള്ള ഹൃദയവിശാലതയും എളിമയും കുറ്റപ്പെടുത്താതെയുള്ള പരസ്പര സ്വീകരണവും ഒക്കെ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടെങ്കിൽ നമ്മുടെ കുട്ടികൾ നമുക്ക് ഒരു ഭാരമായി മാറുമോ? അവരുടെ ഭവനം അവർക്ക് അന്യമായി അനുഭവപ്പെടുമോ? നാം ഉണർന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മനുഷ്യൻ നിസഹായനാകുന്നിടത്തുനിന്ന് ദൈവം തുടങ്ങുന്നുവെന്ന ഓർമ്മപ്പെടുത്തലാണല്ലോ മംഗലവാർത്താക്കാലത്തെ ആദ്യഞായറാഴ്ചയിലെ വായനകൾ നമുക്കു നൽകുന്ന സന്ദേശം. അതിനാൽ മനുഷ്യരായ നാം നിസഹായരാകുന്നിടത്ത് ദൈവമേ, നീ ഇറങ്ങി വരണമേയെന്ന പ്രാർത്ഥനയോടെ ജീവിതയാത്രയിൽ നമുക്കു ശക്തിയാർജ്ജിക്കാം.



# കാത്തിരിപ്പ്

**ആൻസി കടുപ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**കാ**ത്തിരിപ്പുകൾക്ക് ഉത്തരമുണ്ടെന്നു നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടു വീണ്ടുമിതാ ഒരു മംഗളവാർത്താ-പിറവിക്കാലംകൂടി സമാഗതമാകുന്നു. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽക്കാർ നൂറ്റാണ്ടുകളായി ഒരു രക്ഷകന്റെ ആഗമനം പ്രതീക്ഷിച്ചുകാത്തിരുന്നു. അവരുടെ ചരിത്രത്തിൽ ഈ പ്രത്യാശ എന്നുമുള്ളതായിക്കാണാം. പഴയനിയമത്തിൽ രക്ഷകനായ ഈശോയെ സാക്ഷ്യപ്പെടുത്തുന്ന അനേകം പ്രവചനങ്ങളുണ്ട്.

''ആ നാളിൽ ആ സമയത്ത്, ദാവീദിന്റെ ഭവനത്തിൽനിന്നു നീതിമാനായ ഒരു മുളയെ ഞാൻ കിളിർപ്പിക്കും; അവൻ ദേശത്തു നീതിയും ന്യായവും നടത്തും. അപ്പോൾ യൂദാ രക്ഷിക്കപ്പെടുകയും ജറുസലെം ഭദ്രമായിരിക്കുകയും ചെയ്യും'' (ജറെ 33,15-16). വീണ്ടും കർത്താവ് പറയുന്നു: ''ബേത്‌ലെഹേം-എഫ്രാത്താ, യൂദാ ഭവനങ്ങളിൽ നീ ചെറുതാണെ

ങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽനിന്നും പുറപ്പെടും'' (മിക്കാ 5,2). ''അതിനാൽ, കർത്താവുതന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും'' (ഏശയ്യാ 7,14).

രക്ഷകൻ വരുമെന്നു പ്രതീക്ഷയോടെ കാത്തിരുന്ന ഒരു ജനതയ്ക്കു ദൈവം കൊടുത്ത സമ്മാനമാണ് ക്രിസ്തുമസ്.

ദൈവം ഇടപെടുന്ന സമയത്തിനുവേണ്ടി പ്രതീക്ഷയോടെ പ്രാർത്ഥനയോടെ കാത്തിരുന്ന് വിജയംവരിച്ച ഒട്ടനവധി വ്യക്തികളുടെ കഥ വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഒരു കുഞ്ഞിക്കാലുകാണുവാൻവേണ്ടി ജീവിതകാലം മുഴുവൻ നീതിനിഷ്ഠരായി, പ്രാർത്ഥനയും പരിവട്ടവുമായി ദൈവത്തിന്റെ വാഗ്ദാനപൂർത്തീകരണത്തിനായി ക്ഷമയോടെ കാത്തിരുന്ന സഖറിയാ-ഏലീശ്വാ ദമ്പതിമാർക്ക് ദൈവം കൊടുത്ത ഉത്തരമാണ് ഈശോയ്ക്കു വഴിയൊരുക്കാനായി കടന്നുവന്ന സ്നാപകയോഹന്നാന്റെ ജനനം. ജറുസലെം ദൈവാലയത്തിൽ കർത്താവിന്റെ അഭിഷിക്തനെ കാണുന്നതുവരെ മരിക്കുകയില്ലയെന്ന് പ്രതീക്ഷിച്ച് കാത്തിരുന്ന ശിമയോൻ പറയുന്നു: കർത്താവേ... എന്റെ കാത്തിരിപ്പിന് അർത്ഥമുണ്ടായി; ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ (ലൂക്കാ 2,29). രക്ഷകനെ കാണാനായി പൗരസ്ത്യദേശത്തുനിന്നു വന്ന ജ്ഞാനികളുടെ ദീർഘനാളത്തെ അന്വേഷണത്തിന്റെയും കാത്തിരിപ്പിന്റെയും ഫലമാണ് ദിവ്യപൈതലിന്റെ അരികെ എത്തിച്ചേരാനും, പൊന്നും, മീറയും, കാഴ്ചയുമായി അവിടുത്തെ ആരാധിക്കുവാനും സാധിച്ചത്.

പ്രതീക്ഷയോടെയുള്ള കാത്തിരുപ്പുകൾക്കെല്ലാം ഫലമുണ്ടെന്നു നമ്മെ ഓർമ്മപ്പെടുത്തുന്ന മറ്റൊരു കഥാപാത്രമാണ് ധൂർത്തപുത്രന്റെ ഉപമയിലെ സ്നേഹത്തിൽ ധൂർത്തനായ ആ പിതാവ്. രാത്രിയുടെ ഏതു യാമത്തിൽ തന്റെ പുത്രൻ മടങ്ങിയെത്തിയാലും സ്വീകരിക്കുവാൻ വഴിക്കണ്ണുമായി കാത്തിരിക്കുന്ന പിതാവ്.

നമുക്കും കാത്തിരിക്കാൻ പഠിക്കാം. അതിനായി നമുക്ക് ഈശോയിലേക്കു നോക്കാം; അവിടുത്തെ ജീവിതമാതൃക നമ്മെ പ്രചോദിപ്പിക്കട്ടെ. രാത്രിമുഴുവൻ പണിചെയ്തു തണുത്ത കാറ്റേറ്റ് തളർന്നവശരായ തന്റെ മക്കൾക്കാവശ്യം ചൂടുള്ള ഭക്ഷണപാനീയങ്ങളാണെന്നു തിരിച്ചറിഞ്ഞ് കടൽത്തീരത്ത് കനൽക്കൂട്ടി തീയിൽ ചുട്ടമീനും, ചൂടപ്പവുമായി ഒരമ്മയെപ്പോലെ കരുതലോടെ കാത്തിരിക്കുന്ന കർത്താവ്.

പലപ്പോഴും അനുദിന ജീവിതത്തിൽ ഞാനും, നീയും ഉയർത്തുന്ന നെടുവീർപ്പുകളിലൊന്നാണ് 'കാത്തിരിക്കാനായി എനിക്കാരുമില്ല'. ഓർക്കുക പ്രിയരേ, കാത്തരിക്കാനായി ആരുമില്ലാത്തവനും ഉണ്ട് ഒരാള്- നമ്മുടെ കർത്താവ്; ഇമ്മാനുവേൽ, ദൈവം നമ്മോടുകൂടെ. ഒപ്പം ആരുടെ ഒക്കെയോ കാത്തിരിപ്പിന് നിനക്കും ഉത്തരമാകാൻ കഴിയും.

നിന്റെ കനിവിനായി കാത്തിരിക്കുന്നവർ....

നിന്റെ ചുണ്ടിൽ വിരിയുന്ന ഒരു പുഞ്ചിരിക്കായ് കാത്തിരിക്കുന്നവർ.....

നിന്റെ ആശ്വാസവചനങ്ങൾക്കായ്.... നിന്റെ സൗഹൃദത്തിനായ്....

നിന്റെ നിഷ്കളങ്കസ്നേഹത്തിനായ്... ''ക്ഷമിച്ചു'' എന്നുള്ള നിന്റെ ഒരു വാക്കിനായി കാത്തിരിക്കുന്ന അനേകരുണ്ട് ഈ ലോകത്ത്.



Dr. Beena Mathew Bhasan

# ചെറുപുഷ്പമേ

കർമ്മലാരാമത്തിൽ കൽമതിലിനുള്ളിൽ
കാലമൊരുക്കിയ പനിമലരേ
പാരാകെ പൊങ്ങിപ്പറക്കുന്നു നിന്നുടെ
പ്രേഷിതചൈതന്യം പൊന്നോമനേ.
ചെറുതാം വഴികളിൽ ചെറിയ കാര്യങ്ങളിൽ
വലുതായ് വിടർന്നൊരു ചെറുപുഷ്പമേ
ആവൃതിവിട്ടൊരു നാഴികപോലുമേ
എങ്ങുമേ പോയിടാതെങ്ങനെ നീ
ആഗോള സഭയുടെ പ്രേഷിതവേലതൻ
മദ്ധ്യസ്ഥയായിന്നു വാണിടുന്നു
നെഞ്ചകം നിറയുന്ന പ്രാർത്ഥനയാലേ നീ
ഉലകത്തെ കേവലം കൈപ്പന്താക്കി
ഉണ്ണിയാം യേശുവോടൊത്തു കളിച്ചുവോ
ആ പന്തുരുട്ടി നീ വാഴ്‌വിലെല്ലാം?
നിർമ്മലസ്നേഹത്തിൻ അഗ്നിയായി മാറി നീ
യേശുവിന്നുള്ളത്തിൽ കത്തിനിന്നോ?
സുവിശേഷം ചൊല്ലുന്ന ശിശുവായി തീർന്നുവോ
പാണ്ഡിത്യഗരിമയും അതു തന്നെയോ?
പരിഭവിച്ചീടാതെ സഹനങ്ങളേൽക്കുന്ന
പാത നീ എങ്ങനെ സ്വന്തമാക്കി?
ഓർക്കുകിൽ നിറയുന്നു സ്വർഗീയമാനന്ദം
പാപിയാമെന്നുടെ ചിത്തത്തിലും
സ്നേഹമേ തരികൊരു പനിനീർമലരിന്നീ
ഊഷരഭൂവിലുഴലുന്നോർക്കായ്
നാഥന്റെ പാദത്തിലണയുന്ന നേരത്തു
പനിനീർമലരായ് വിരിഞ്ഞിടേണം
ആശിച്ചിടുന്നേറെ എന്നാലതാവുമോ
ശങ്കയുമൊപ്പം നിറഞ്ഞിടുന്നു
കൊച്ചുവഴികളിൽ പിച്ചവെച്ചീടുവാൻ
കരം പിടിച്ചീടുമോ നീ എനിക്കായ്?



# തീരം

**സാബി കോഴിക്കോട്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**തി**രയുടെ തിമർപ്പിൽ തെറിച്ചുവീണ ജലകണികകൾ ശരീരത്തെ തണുപ്പിച്ചപ്പോൾ തീരത്തിരുന്ന് കടൽ ആസ്വദിച്ചുകൊണ്ടിരുന്ന ഹിമയുടെ നെഞ്ചിൽനിന്നും കടലോളമുള്ള നൊമ്പരങ്ങളൊക്കെ ഉരുകി ഒലിച്ചുപോയതുപോലെ അവൾക്കു തോന്നി. സത്യത്തിൽ നീണ്ട മൂന്നു വർഷത്തിനുശേഷമാണ് ഒന്നു പുറംലോകം കാണുന്നതുതന്നെ. ലക്ഷങ്ങൾ ശമ്പളം വാങ്ങിയിരുന്ന നഴ്സായിരുന്നു അവൾ. കുടുംബത്തിലെ ഏകമകനായ തന്റെ ഭർത്താവിന്റെ അപ്പൻ പെട്ടെന്ന് തളർന്നുപോയപ്പോൾ ഭർത്താവിന്റെ വേദന അവൾ സ്വയം ഏറ്റെടുത്തു. ജോലിയെക്കാളുപരി മാതാപിതാക്കളുടെ അനുഗ്രഹം പുണ്യമാണെന്ന തിരിച്ചറിവ് ജോലി ഉപേക്ഷിക്കുവാൻ അവളെ പ്രേരിപ്പിച്ചു. പിന്നൊന്നും നോക്കിയില്ല. രാവും പകലും, ഉറക്കമിളച്ച് അദ്ദേഹത്തെ പൊന്നുപോലെ പരിചരിച്ചു. ഇതിനിടയിൽ സ്വന്തം കുടുംബത്തിലെ പല ചടങ്ങുകളും ആഘോഷങ്ങളും ആർഭാടങ്ങളും അവളെ കൂടാതെ കടന്നുപോയി. ഇതൊന്നും അവളെ പിടിച്ചുലച്ചില്ല. തന്റെ കടമയുടെ മഹത്ത്വത്തിൽ അവൾ ഉറച്ചുനിന്നു. ഇന്നേക്ക് 42 ദിവസങ്ങൾക്കു മുമ്പാണ് അപ്പച്ചൻ സ്വർഗ്ഗത്തിലേക്ക് യാത്രയായത്. അതും നറഞ്ഞ മനസ്സോടെ.

തീരം ... അതെത്ര മനോഹരമാണ്. ആതിഥ്യമരുളുന്ന കാര്യത്തിൽ അവളെ വെല്ലാൻ ആരുമില്ല. ഒരിക്കലെങ്കിലും തന്നെ സമീപിക്കുന്നവരെ അവൾ തരംതിരിക്കുന്നതായി അനുഭവപ്പെട്ടിട്ടുണ്ടോ? ഒരിക്കലുമില്ല... കള്ളനും, കവർച്ചക്കാനും, പണ്ഡിതനും പാമരനും, ദരിദ്രനും സമ്പന്നനും, വർണ്ണ വർഗ്ഗ വിവേചനമില്ലാതെ അവൾ തന്റെ മടിത്തട്ടിൽ അഭയം നല്കുന്നു.

നമുക്കു മുമ്പിൽ യാചിക്കുന്നവർക്കായി ഒരു പ്രത്യേക ഇടം സൂക്ഷിക്കുന്ന നമ്മുടെ സങ്കുചിത മനസ്ഥിതിക്കു നേരെയുള്ള ഒരു പ്രഹരമല്ലേ തീരത്തിന്റെ ഈ ആതിഥ്യമരുളൽ. ഇനിയെന്നാണാവോ നമ്മുടെ ഹൃദയവും ഈ തീരംപോലെ വിശാലമാവുക?

തീരം പലപ്പോഴും ഒരു കുമ്പസാരക്കൂടാവുന്നത് നാം കണ്ടിട്ടില്ലേ? യാതൊരു ദാക്ഷിണ്യവും കൂടാതെ നമ്മുടെ മാലിന്യങ്ങൾ മുഴുവൻ തീരത്ത് നിക്ഷേപിച്ചാലും അമ്മയായ കടൽ ക്ഷണനേരംകൊണ്ട് അവളെ കുളിപ്പിച്ച് വൃത്തിയാക്കും. ചെളിയിൽ ഉരുണ്ടിട്ട് വരുന്ന കുഞ്ഞിനെ അമ്മ കുളിപ്പിച്ച് കുട്ടപ്പനാക്കുന്നതുപോലെ. മണലിൽ നീ കുറിച്ച എന്തെങ്കിലുമൊരു വാചകം ശാശ്വതമായി നിൽക്കുന്നതു കണ്ടിട്ടുണ്ടോ? അതാണവളുടെ വിജയ രഹസ്യം. മറക്കാനും പൊറുക്കാനും കഴിയുക.

മഹത്ത്വമുള്ളവനായി ദൈവം സൃഷ്ടിച്ച നമുക്കോ ഒന്നു മറക്കാനും പൊറുക്കാനും ഒന്നും കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കാനും എന്തൊരു ബുദ്ധിമുട്ടാണ്. നമ്മുടെ ഉടപ്പിറപ്പുകളോ ബന്ധുമിത്രാദികളോ സുഹൃത്തുക്കളോ ഒരു തിന്മ ചെയ്താൽ വർഷങ്ങളോളം ഹൃദയത്തിൽ മാർക്കർ പേന കൊണ്ടെഴുതി നാം സൂക്ഷിക്കും. കാരണം ഒരിക്കലും മാഞ്ഞുപോകരുതല്ലോ! 'മറവി'ക്കാരനായ ദൈവത്തിന്റെ മക്കളാകുവാൻ ഭാഗ്യം സിദ്ധിച്ച നമുക്ക് ആ അപ്പന്റെ 'മറവി'യെന്ന സ്വഭാവമെങ്കിലും ഒന്നൊപ്പിയെടുക്കാം. ഇല്ലെങ്കിൽ ദിവസത്തിൽ പല പ്രാവശ്യം 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന് വിളിച്ചാലും 'നിന്നെ എന്നിക്കറിയില്ല' എന്ന് ആ അപ്പന് തിരിച്ചു പറയേണ്ടതായി വരും.

കടൽത്തീരം എന്നത് ചിത്രകാരൻ ക്യാൻവാസിൽ വരച്ച ഒരു ചിത്രംപോലെയാണ്. ചില്ലിട്ടുവച്ചാൽ കാലാകാലം നിറം മങ്ങാതെ അത് നില്ക്കും. നിങ്ങൾ ഏറിയപങ്കും കടൽത്തീരങ്ങളിലാവില്ല താമസിക്കുക. എങ്കിലും നമ്മുടെ ഉള്ളിൽ ഒരു കടലും കടൽത്തീരവും ജീവനോടെയുണ്ട്. ഒന്നോ രണ്ടോ തവണ അവളെ കാണാൻ ചെന്നവർക്ക് വീണ്ടും അങ്ങോട്ടു പോകുവാൻ കൊതി തോന്നും. അതാണവളുടെ വശ്യത... സ്നേഹത്തിന്റെ ആഘോഷത്തിന്റെ കുളിർമ്മയുടെ തെളിമയുടെ... വശ്യത.

നമ്മുടെ കുടുംബങ്ങളും സ്ഥാപനങ്ങളും ആരാധാനാലയങ്ങളും ഇതുപോലെ വശ്യമാക്കുവാൻ കഴിഞ്ഞാൽ ഒരു കുഞ്ഞും വഴിതെറ്റിപ്പോകുകയില്ല. അതുകൊണ്ടാവാം കടലിനെയും തീരത്തെയുമൊക്കെ വി. ഫ്രാൻസിസ് അസീസ്സി 'സഹോദരി' എന്നു വിളിച്ചതും. നമ്മുടെ ഭവനങ്ങളിലും വ്യക്തിജീവിതങ്ങളിലും സന്തോഷവും പരസ്നേഹവും ദാമ്പത്യവിശ്വസ്തതയും പങ്കുവയ്ക്കലും തിരതല്ലട്ടെ. അപ്പോൾ പാതിവഴിയിൽ പടിയിറങ്ങിപ്പോയവരൊക്ക തിരികെവരും. പിതാവിന്റെ സ്നേഹം നുകരാൻ തിരികെവന്ന ധൂർത്തപുത്രനെപ്പോലെ.

തീരമെന്നത് അകപ്പെട്ടുപോയവന്റെ പ്രതീക്ഷയാണ്. അങ്ങനെയെങ്കിൽ കടലിലകപ്പെട്ടു കുഴഞ്ഞ ശിഷ്യഗണത്തിനായി വിരുന്ന് ഒരുക്കി കാത്തിരുന്ന ഒരു മിശിഹായുടെ ഹൃദയമല്ലേ ഈ തീരം? അകലുന്നവർക്കൊക്കെ അടുക്കാൻ ഒരു തീരമുണ്ടെന്ന തിരിച്ചറിവ് തിരക്കിന്റെ സംസ്കാരത്തിൽനിന്ന് വല്ലപ്പോഴുമൊക്കെ ഒന്ന് മാറിയിരുന്ന് ആറിപ്പോയ ദൈവസ്നേഹത്തെയും മനുഷ്യസ്നേഹത്തെയും ഒന്നു ചൂടുപിടിപ്പിക്കാൻ തീരത്ത് വിരുന്നൊരുക്കി കാത്തിരിക്കുന്ന ഒരു തമ്പുരാൻ നിനക്കുണ്ട്! ആ പ്രതീക്ഷയാവട്ടെ നിന്റെ ഏക കച്ചിത്തുരുമ്പ്.

നമ്മുടെ ഹൃദയത്തിനും ഒരു തീരമുണ്ടാവട്ടെ!... ആ നനവിൽ ആശ്വസിക്കാൻ അനേകർക്കാവട്ടെ...

അവിടെ ഏവർക്കും ഓടിക്കളിക്കാൻ ഒരു ഇടമുണ്ടാവട്ടെ...



# ജ്ഞാനികളോടൊപ്പം പുൽക്കൂട്ടിലേക്ക്

**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**മൂ**ന്നു ജ്ഞാനികൾ തിടുക്കത്തിൽ പോകാനൊരുങ്ങുന്നതു കണ്ടു ഞാൻ ചോദിച്ചു: നിങ്ങൾ എങ്ങോട്ടാണ്? അവർ പറഞ്ഞു: ഇന്ന് ഞങ്ങൾ മിശിഹായെ കാണാൻ പോകുന്നു. മിശിഹാ പിറക്കുമ്പോൾ കിഴക്ക് ഒരു നക്ഷത്രം പ്രത്യക്ഷപ്പെടുമെന്ന് ഞങ്ങൾക്ക് നേരത്തെ അറിവു കിട്ടിയിരുന്നു. അതാ അങ്ങു കിഴക്ക് കാണുന്നില്ലേ ഒരു നക്ഷത്രം ? അതിനു ചില പ്രത്യേകതകളും. ഏതോ ഒരു മഹാകാര്യം വിളിച്ചറിയിക്കാൻ വെമ്പുന്നതുപോലെ.... ഞാൻ സൂക്ഷിച്ചുനോക്കി.... ശരിയാണ്... അതാ അതു പതുക്കെ പതുക്കെ സഞ്ചരിക്കുന്നതുപോലെ തോന്നുന്നു. ജ്ഞാനികൾ നക്ഷത്രം നോക്കി നടക്കാൻ തുടങ്ങി. ഞാനും അവരുടെ കൂടെ കൂടി....

ഞാൻ ചോദിച്ചു: ആരാണ് മിശിഹാ? അവൻ എവിടെയാണു ജനിക്കുക? അവർ പറഞ്ഞു: രക്ഷകൻ... ഞങ്ങളെയും നിങ്ങളെയും എല്ലാവരെയും രക്ഷിക്കാനായി ഈ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവൻ. അവൻ വരുമ്പോൾ സർവ്വരെയും രക്ഷിക്കുമെന്നല്ലേ പ്രവചനം? അവരുടെ മുഖം വളരെ പ്രസന്നമായിരുന്നു. യാത്രയുടെ ക്ഷീണമൊന്നും അവരെ അലട്ടുന്നില്ല. അവർ വീണ്ടും പറയാൻ തുടങ്ങി: ഞങ്ങൾക്കു മിശിഹായെ കാണണം, വണങ്ങണം, ആരാധിക്കണം, സമ്മാനങ്ങൾ കാഴ്ചവയ്ക്കണം, രക്ഷ നേരിട്ടനുഭവിക്കണം. എല്ലാം വളരെ സന്തോഷപ്രദവും മനോഹരവുമായി തോന്നിയതുകൊണ്ട് ഞാൻ അവരോടു ചേർന്നു നടന്നു. കുറെ ദൂരം മുന്നോട്ടുപോയപ്പോൾ ആ മനോഹരനക്ഷത്രം കാണാനാകുന്നില്ല. ജ്ഞാനികൾ ഒരു നിമിഷം പകച്ചുനിന്നു. എങ്ങോട്ടുപോകണം? ഏതാണു വഴി? അങ്ങനെ സംശയിച്ചു നിന്നപ്പോൾ അതാ അങ്ങകലെ ഒരു വലിയ കൊട്ടാരം. മനോഹരമായ ആ കൊട്ടാരത്തെ

ലക്ഷ്യമാക്കി അവർ വീണ്ടും യാത്രചെയ്തു. കൊട്ടാരത്തിലെത്തി, അതു ഹേറോദേസ് രാജാവിന്റെ കൊട്ടാരമായിരുന്നു. രാജാവ് ഞങ്ങളെ സ്വീകരിച്ചു വിരുന്നു നൽകി. യാത്രയുടെ ഉദ്ദേശമെല്ലാം ചോദിച്ചു മനസ്സിലാക്കി. ജ്ഞാനികളുടെ സംസാരംകേട്ടു രാജാവു ഞെട്ടി.... എന്നെക്കൂടാതെ മറ്റൊരു രാജാവോ? അങ്ങനെ ഒരാൾ ഈ ലോകത്തിൽ ജീവിക്കാൻ പാടില്ല. അവൻ മനസ്സിൽ തീരുമാനിച്ചു. എങ്കിലും ഒന്നും പുറത്തു കാണിക്കാതെ ജ്ഞാനികളെ സന്തോഷമായി പറഞ്ഞുവിടുന്നു. പക്ഷേ അപ്പോൾ അദ്ദേഹം അവരോട് രഹസ്യമായി പറഞ്ഞു: എനിക്കും അവനെ ആരാധിക്കണം. അതുകൊണ്ട് തിരിച്ച് ഇതുവഴി വന്ന്, എവിടെയാണ് മിശിഹാ - സർവ്വലോകത്തെയും ഭരിക്കാനിരിക്കുന്നവൻ - പിറന്നത് എന്നെന്നോടു പറയണം. അവർ എല്ലാം സമ്മതിച്ച് അവിടെനിന്നും ഇറങ്ങി.

ബേത്‌ലഹേമിനെ ലക്ഷ്യം വച്ച് യാത്ര തുടർന്നു. അല്പം മുന്നോട്ടുപോയപ്പോൾ അതാ ആ മനോഹരനക്ഷത്രം വീണ്ടും പ്രത്യക്ഷമായി. ജ്ഞാനികളുടെ സന്തോഷം കാണേണ്ടതായിരുന്നു. ഈശോയെ കാണാനുള്ള അദമ്യമായ ആഗ്രഹം അവരുടെ മുഖത്തു പ്രകടമായിരുന്നു. നക്ഷത്രത്തെ നോക്കി വീണ്ടും യാത്ര തുടർന്നു. ആ യാത്ര ബേത്‌ലഹേമിൽ എത്തിച്ചേർന്നു എന്നു തോന്നുന്നു. നക്ഷത്രം മുമ്പോട്ടു നീങ്ങുന്നില്ല. ഒരു പ്രത്യേക സ്ഥലത്തിനു മുകളിലായി അതു നിലകൊണ്ടു. അപ്പോൾ ഇരുണ്ട വെളിച്ചത്തിൽ ഒരു കാലിത്തൊഴുത്തും അതിൽ ഒരു പുൽക്കൂടും കണ്ടു. അതാ പുൽക്കൂട്ടിൽ സ്വർണ്ണം പോലെ തിളങ്ങുന്ന, സൂര്യനെപ്പോലെ പ്രകാശിക്കുന്ന ഒരു പൊന്നുണ്ണി.... ജ്ഞാനികൾ തങ്ങൾ കൊണ്ടുവന്ന സമ്മാനപ്പൊതികൾ അഴിച്ച് ഉണ്ണിമിശിഹായുടെ കാൽക്കൽ അർപ്പിച്ച് ധ്യാനനിമഗ്നരായി നിന്നു. മിശിഹായെ കൺകുളിർക്കെ കണ്ട് നിർവൃതി അടഞ്ഞ് അവർ പൗരസ്ത്യദേശത്തേക്കു മടങ്ങി.

ഹേറോദേസിന്റെ അടുത്തേക്ക് മടങ്ങിപ്പോകരുതെന്ന് മുന്നറിയിപ്പുകിട്ടിയതുകൊണ്ട് അവർ മറ്റൊരു വഴിക്കാണു പോയത്. അപ്പോൾ ഞാൻ എന്നിലേക്കു തിരിഞ്ഞു നോക്കി. ഉണ്ണിമിശിഹായെ കാണാനും ആ സാന്നിധ്യം അനുഭവിക്കാനുമുള്ള തീവ്രമായ ആഗ്രഹം എന്നിലുണ്ടോ? ഇന്നും എന്നും കൂടെയുള്ള ജീവിക്കുന്നവനായ ഈശോയെ കാണാൻ സാധിക്കാത്തതെന്തുകൊണ്ട്? ആഗ്രഹത്തിന്റെയും പരിശ്രമത്തിന്റെയും കുറവല്ലേ അതിനു കാരണം? അല്പം റിസ്ക് എടുക്കാനുള്ള ബുദ്ധിമുട്ടും അതിന്റെ പിന്നിൽ കാണാൻ കഴിഞ്ഞു.

എന്തുമാത്രം യാത്ര ചെയ്താലാണ്, വഴിയിൽ എന്തെല്ലാം പ്രശ്നങ്ങൾ തരണം ചെയ്താലാണ് ബേത്‌ലെഹെമിൽ എത്തുക എന്നൊക്കെ ജ്ഞാനികൾ ചിന്തിച്ചു പുറകോട്ടു വലിഞ്ഞിരുന്നുവെങ്കിൽ അവർക്ക് ഒരിക്കലും മിശിഹായെ കാണാൻ സാധിക്കില്ലായിരുന്നു. നമുക്കും ധൈര്യത്തോടെ മുന്നോട്ടു പോകാം. വഴിയിലെ തടസ്സങ്ങളെയെല്ലാം നേരിടാം. മിശിഹായെ കാണണമെന്നുള്ള വലിയ ആഗ്രഹം നമ്മെ പുൽക്കൂട്ടിൽ എത്തിക്കും.

> “നിങ്ങൾ നല്ലവനാകാൻ
> നിങ്ങളുടെ ഹൃദയം കർത്താവിന് കൊടുക്കുക.
> പകരം കർത്താവിന്റെ ഹൃദയം ചോദിച്ചു വാങ്ങുക”
>
> (വി. മറിയം ത്രേസ്യ)



# പൊറുക്കലും മറക്കലും അനുരഞ്ജനവും...

**റവ. ഡോ. തോമസ് വടക്കേൽ**
പാലാ രൂപത

**പ**രിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ അഭിപ്രായത്തിൽ ''ഐക്യം പ്രശ്നത്തെക്കാൾ മഹത്തരമാണ്''. സമൂഹത്തിൽ സൗഹാർദ്ദാന്തരീക്ഷം നിർമ്മിച്ചെടുക്കാനുള്ള ഒരു തത്ത്വമാണിത്. വൈരുദ്ധ്യാത്മകമായി നിൽക്കുന്ന ആശയങ്ങൾക്കിടയിൽ സമവായമുണ്ടാക്കുന്നതിലേക്കോ, ഒന്നിനെ മറ്റൊന്ന് സ്വാംശീകരിക്കുന്നതിലേക്കോ നയിക്കുന്നതിനുപകരം രണ്ടുഭാഗത്തും ഗുണപ്രദമായവ നിലനിർത്തുന്നതാണ് പ്രധാനപ്പെട്ടത്. നമ്മുടെ വ്യക്തിതാല്പര്യങ്ങൾക്ക് അപ്പുറത്തേക്ക് നോക്കാൻ പഠിക്കുമ്പോഴാണ് പരസ്പര പ്രതിബദ്ധതയും ധാരണയുമുണ്ടാകുന്നത്.

അനുരഞ്ജനം ഒരു വൈയക്തികമായ പ്രവർത്തിയാണ്. ഒരുപാട് അനീതികളും ക്രൂരമായ പീഡനങ്ങളും ഏല്ക്കേണ്ടിവന്ന ഒരു കൂട്ടം മനുഷ്യരിൽനിന്ന് ''സാമൂഹ്യമായ ക്ഷമ'' (social forgivenss) ആവശ്യപ്പെടാൻ പാടില്ല; ഒപ്പം അത് ഒരുതരത്തിലും അടിച്ചേൽപ്പിക്കുവാനും ശ്രമിക്കരുത്. ചില ഉത്തരവുകളിലൂടെ മുറിവുണക്കാൻ ശ്രമിക്കുന്നതോ, അല്ലെങ്കിൽ അനീതികളെ 'വിസ്മൃതിയുടെ മേലങ്കി' (blanket reconciliation) അണിയിക്കുന്നതോ, ഒരു സാമൂഹിക അനുരഞ്ജനം പ്രഖ്യാപിക്കുന്നതോ ഉചിതമല്ല. വേദനകൾ സഹിച്ച ഒരുവന്റെ പേരിൽ അനുരഞ്ജനം നടത്താൻ മറ്റാർക്കും അവകാശമില്ല. മറിച്ച് സഹനങ്ങൾ അനുഭവിച്ച വ്യക്തിയിലാണ് അനുരഞ്ജനം കാണാൻ സാധിക്കുന്നത്. തങ്ങൾ നേരിടേണ്ടിവന്ന സഹനങ്ങൾ എല്ലാം പിന്നിലുപേക്ഷിച്ച് മുന്നോട്ടു നീങ്ങുമ്പോഴാണ് ഇതു

സാധ്യമാകുന്നത്. പൊറുക്കുക (forgive) എന്നതുകൊണ്ട് മറക്കുക (forget) എന്നല്ല അർത്ഥമാക്കുന്നത്.


മാനവരാശിക്ക് തന്നെ ലജ്ജ ഉളവാക്കുന്ന പല സംഭവങ്ങളും നമ്മുടെ ഇടയിൽ നടമാടിയിട്ടുണ്ട്. ഉദാഹരണത്തിന് ജൂതഹത്യയും ഹിരോഷിമയിലും നാഗസാക്കിയിലും ഉണ്ടായ ദുരനുഭവങ്ങൾ. ഈ ദുരന്തങ്ങൾക്ക് ഇരയാകേണ്ടി വന്നവരും അതിന്റെ ആഘാതങ്ങൾ, പരിണതഫലങ്ങൾ ശരീരത്തിൽ സഹിക്കുകയും ചെയ്ത അനേകർക്ക് സംഭവിച്ചതൊന്നും എളുപ്പത്തിൽ മറക്കുവാൻ സാധിക്കുകയില്ല. ഇത് അവർക്ക് ഒരു ഓർമ്മയാണ് - സുതാര്യവും സാഹോദര്യപൂർണവുമായ ഒരു ഭാവി വാർത്തെടുക്കാനുള്ള ഓർമ്മ. ഭൂതകാലമൊക്കെ കഴിഞ്ഞില്ലേ അതൊക്കെ മറന്നേക്കൂ എന്നു പറയുവാൻ എളുപ്പമാണ്. പക്ഷേ വേദനയുടെ ഭൂതകാലത്തെ ഓർമ്മിക്കാതെ മുന്നോട്ടുപോകാനാവില്ല. കൊടിയ മനുഷ്യത്വ വിരുദ്ധതയ്ക്ക് വിധേയമായവരെ ഓർമ്മിക്കുന്നത് കൂട്ടായ ധർമ്മബോധത്തിന്റെ അഗ്നിയെ കെടാതെ സൂക്ഷിക്കാൻ സഹായിക്കും. കൂടാതെ, പീഡനങ്ങൾക്കു നടുവിലും സ്വന്തം അന്തസ്സ് നിലനിർത്തുകയും, ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും സാഹോദര്യത്തിന്റെയും അടയാളങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്ത മനുഷ്യരെ ക്കൂടി നാം ഓർക്കണം.

പൊറുക്കുക എന്നാൽ മറക്കുക എന്ന് അർത്ഥമാക്കുന്നില്ല. മറക്കാൻ കഴിയാത്ത സാഹചര്യത്തിലും അനുരഞ്ജനം സാധ്യമാണ്. ഒരിക്കലും സഹിക്കാനോ, നീതികരിക്കാനോ, ക്ഷമിക്കാനോ സാധിക്കാത്ത ചില പ്രവൃത്തിയിൽപ്പോലും അനുരഞ്ജനം സാധ്യമാകും. കാരണം സ്വതന്ത്രവും ഹൃദയപൂർവ്വകവുമായ അനുരഞ്ജനം അത്രമേൽ നിഷ്കളങ്കമാണ്. സ്വമേധയാ സംഭവിക്കുന്ന അനുരഞ്ജനമാണെങ്കിൽ പശ്ചാത്തപിക്കാൻ വിസമ്മതിക്കുകയും ക്ഷമ ചോദിക്കാതിരിക്കുകയും ചെയ്യുന്ന ഒരാൾക്കുപോലും മാപ്പ് നൽകാനാകും.

ആത്മാർത്ഥമായി പൊറുക്കുന്നവർ ഒരിക്കലും മറക്കുന്നില്ല. മറിച്ച് തങ്ങളെ ഒരുപാട് സഹനങ്ങളിലേക്ക് നയിച്ച വിനാശകരമായ ശക്തികൾക്ക് അവർ കീഴടങ്ങാതിരിക്കുകയും, അധർമ്മത്തിന്റെയും തിന്മയുടെയും വലയങ്ങൾ അവർ ഭേദിക്കുകയും ചെയ്യും. എന്നെങ്കിലുമൊരിക്കൽ ഉഗ്രരൂപം പ്രാപിക്കാനിടയുള്ള പ്രതികാരമനോഭാവം സമൂഹത്തിലേക്ക് പടരാതിരിക്കുവാനും ഇവർ ശ്രമിക്കും. ഭയാനകവും ക്രൂരവുമായ കുറ്റകൃത്യങ്ങൾ ചെയ്തവരോടുള്ള പ്രതികാരം ഒരിക്കലും ഒരാളുടെ മുറിവുകൾ ഉണക്കുന്നില്ല. കുറ്റവാളിയെ കൊല്ലുന്നതോ, അയാൾക്കു നേരെ ക്രൂരത ചെയ്യുന്നതോ ഒരാൾ സഹിച്ച വേദനകൾക്ക് പരിഹാരമാകുന്നില്ല. പ്രതികാരം ഒന്നിനെയും പരിഹരിക്കുന്നുമില്ല.

പ്രതികാരമനോഭാവത്തിന്റെ വലയിൽ വീഴാതെ, മറവിയുടെ അനീതിക്ക് കൂട്ടുനിൽക്കാതെ, നീതി തേടുന്നതിനെയാണ്, അനുരഞ്ജനം എന്നു വിളിക്കുന്നത്. ക്രൂരതകൾക്കു പകരം പ്രതികാരമനോഭാവം കാണിക്കുന്നത് യഥാർത്ഥ നീതിയല്ല. കുറ്റകൃത്യങ്ങൾക്ക് തടയിടുന്നതും പൊതുനന്മ ലക്ഷ്യംവച്ച് മുന്നേറുന്നതുമാണ് യഥാർത്ഥ നീതി.

*'ഒരു പുണ്യവതി ആകണമെങ്കിൽ വളരെയധികം സഹിക്കണമെന്നും*
*ഏറ്റവും ഉത്തമമാണ് തെരഞ്ഞെടുക്കണമെന്നും*
*തന്നെത്താൻ വിസ്മരിക്കണമെന്നും*
*ഞാൻ ഗ്രഹിച്ചു" (വി. ചെറുപുഷ്പം)*



# എന്തിനാണ് നീ ജനിച്ചത്?

**ജിനു നിരപ്പേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*''നമ്മൾ ജനിച്ചത് പരസ്പരം വെറുക്കാനോ പോരാടുവാനോ അല്ല. പ്രത്യുത പരസ്പരം സ്നേഹിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടിയാണ്''* (ദൈവദാസൻ വില്യം ജക്വീന്താ).

**അ**ഞ്ചാം ക്ലാസ്സുകാരനായ ഒരു കുട്ടി സ്കൂൾ വിട്ടു വീട്ടിലേക്കു ഓടിവരികയാണ്. അവന്റെ മനസ്സുനിറയെ ഈ ചിന്തയേ ഉള്ളൂ: അമ്മ ഉണ്ടാക്കി വച്ചിരിക്കുന്ന പലഹാരങ്ങൾ കഴിക്കണം, എന്നിട്ട് വേഗം കളിസ്ഥലത്തേക്ക് ഓടണം. അവൻ റോഡ് ക്രോസ്സ് ചെയ്ത് വീട്ടിലേക്ക് ഓടാൻ ഒരുങ്ങുമ്പോഴാണ് ഒരു പ്രായം ചെന്ന മനുഷ്യൻ അവന്റെ കണ്ണിൽപ്പെട്ടത്. അയാൾ റോഡ് മുറിച്ചു കടക്കാൻ പാടുപെടുകയാണ്. ''അവൻ ചിന്തിച്ചു. ഈ അപ്പൂപ്പൻ എത്ര പതിയെ ആണ് നടക്കുന്നത്. ഇദ്ദേഹത്തെ സഹായിക്കാൻ നിന്നാൽ കുറച്ചു സമയമെങ്കിലും പോകും. എനിക്കു കളിക്കണം''. അവൻ അല്പം മുന്നോട്ട് നടന്നു എങ്കിലും ഒരു മനസ്താപം തോന്നി തിരികെവന്ന് ആ മനുഷ്യനെ സഹായിച്ചു.

സാമൂഹ്യജീവിയായ മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന് ഒറ്റയ്ക്കു ജീവിക്കാൻ സാധ്യമല്ല. കൊടുത്തും സ്വീകരിച്ചും സഹായിച്ചും ഒക്കെയാണ് അവന്റെ ജീവിതം മുന്നോട്ടുപോകുന്നത്. തിരക്കുകൾക്കിടയിലൂടെയുള്ള പാച്ചിലിൽ കാൽതട്ടിവീഴുമ്പോൾ മറ്റൊരു കൈസഹായം നമ്മെ വീണിടത്തുനിന്ന് എഴുന്നേൽപ്പിച്ചാൽ നാം വീണ്ടും പൂർവ്വാധികം ശക്തിയോടെ പാഞ്ഞുപോകില്ലേ?

എന്നാൽ ആ ഒരു സഹായം ആയിത്തീരാൻ നാം ശ്രമിച്ചില്ലെങ്കിലോ? സ്വാർത്ഥതയുടെ ലോകം ഉയർന്നു വരും. തന്റെ സാമ്പത്തിക അഭിവൃദ്ധിക്കുവേണ്ടി തന്നെപ്പോലെ തന്നെയുള്ളവനെ ബലികഴിക്കാനും അല്പകാലംമാത്രം അനുഭവിക്കാൻ അവകാശമുള്ള സ്വത്തിനുവേണ്ടി സ്വസഹോദരങ്ങളെയും പെറ്റമ്മയെപ്പോലും കൊന്നൊടുക്കാനും നിയമപാലകരെന്നു വേഷം കെട്ടി തങ്ങളുടെ കീശവീർപ്പിക്കാൻ പാവങ്ങളെ കഷ്ടത്തിലാക്കാനും സ്വാഭിമാനത്തെപ്രതി മറ്റുള്ളവരുടെ ജീവനെ അപകടത്തിലാക്കാനും മടിക്കാത്ത ഒരു സംസ്കാരത്തിലാണ് നാം ഇന്നു ജീവിക്കുക.

നിസ്വാർത്ഥതയോടെ മറ്റുള്ളവരെ സഹായിക്കാനും സേവിക്കാനും തുറക്കുന്ന നാവുകളെ അടപ്പിച്ചും ഉയർത്തുന്ന കൈകളെ തളർത്തിയും മുന്നോട്ടുവച്ച കാലുകളെ പിന്നോട്ടു വലിച്ചും നീങ്ങുന്ന സംസ്കാരത്തിൽ സ്നേഹമെന്ന വാക്കിന് അർത്ഥമില്ലാതായിത്തീരുന്നു.

സമയത്തിന്റെ പൂർണതയിൽ ദൈവവും ആഗ്രഹിച്ചത് അതുതന്നെയല്ലേ? ആദ്യകാലങ്ങളിൽ പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും രാജാക്കന്മാരിലൂടെയുമൊക്കെ തന്റെ സ്നേഹം വെളിപ്പെടുത്താൻ ശ്രമിച്ചു. ദൈവം നൽകിയ ഈ ലോകജീവിതം പൂർണതയിൽ ജീവിക്കാൻ അറിയാത്ത മനുഷ്യകുലം ചില ദുർബല നിമിഷങ്ങളിൽ അവിടുത്തെയും ഉപേക്ഷിച്ചു. തന്റെ മക്കൾ തന്റെ മഹത്ത്വം മനസ്സിലാക്കി ജീവിക്കണമെന്ന് ആഗ്രഹിച്ച ദൈവം നമ്മെ സഹായിക്കുന്നതിനായി അവിടുത്തെ ഏകപുത്രനെത്തന്നെ നൽകി. നാം ഇപ്പോൾ മംഗലവാർത്ത കാലത്തിലൂടെ കടന്നുപോകുമ്പോൾ ഈ രക്ഷാകരവഴികളെ ധ്യാനിക്കുന്നുണ്ട്. ദൈവം മനുഷ്യന്റെ നിസ്സഹായതയിലേക്ക് ഇറങ്ങി വന്നു, അന്ധകാരത്തിൽ കഴിഞ്ഞിരുന്നവർക്കു പ്രകാശത്തിന്റെ പ്രത്യാശയേകി, ദുർബലർക്കു ബലം നൽകി, തളർന്നവരെ ഉയർത്തി, വിശക്കുന്നവരെ തൃപ്തരാക്കി, ദാഹിക്കുന്നവർക്കു ജീവജലം നൽകി അങ്ങനെ അവിടുന്നു മാതൃക നൽകി.

നമ്മുടെ ജീവിതവും ഇപ്രകാരം മിശിഹായെ അനുഗമിക്കുന്നതായിത്തീരണം. ഒരു കൊച്ചുകുഞ്ഞിന്റെ മനസ്സോടെ മറ്റുള്ളവരെ നിസ്വാർത്ഥമായി സഹായിക്കാനും ഒരു ചെറിയ കാര്യത്തിനുപോലും മറ്റുള്ളവരെ വെറുക്കാതിരിക്കാനും നിനക്കു സാധിക്കുന്നുണ്ടോ? ചിന്തിക്കുക... നമ്മുടെ മനസ്സിൽ സന്തോഷത്തോടെ നിലനിൽക്കുന്നതു യുദ്ധങ്ങളുടെ ഓർമ്മകളല്ല. സ്നേഹത്തോടെ നാം മറ്റുള്ളവരുമായി ചെലവഴിച്ച ചില നിമിഷങ്ങളാണ്.

മറ്റുള്ളവർക്കായി നാം ഒരു പുഞ്ചിരി എങ്കിലും സമ്മാനിക്കുമ്പോൾ അവരുടെ കണ്ണിൽ തെളിയുന്ന പ്രകാശം നമ്മുടെ മനസ്സുകളെ കുളിരണിയിക്കാറില്ലേ? ഈശോയുടെ തിരുപ്പിറവിക്കായി നാം ഒരുങ്ങുമ്പോൾ നമ്മുടെ സാന്നിധ്യത്തിലൂടെ മറ്റുള്ളവർ ഈശോയെ തിരിച്ചറിയുന്നതിനായി പ്രാർത്ഥിക്കാം... പ്രവർത്തിക്കാം.... അങ്ങനെ നാം ജനിച്ചിരിക്കുന്നതുപോലും മറ്റുള്ളവർക്കു വേണ്ടിയാണെന്നു നമുക്കു മനസ്സിലാക്കാം. പോരാട്ടങ്ങളുടെയും വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ഇടയിൽ സ്നേഹത്തിന്റെ സാക്ഷികളാകാം.

**"നിന്റെ അടുത്തുകൂടി കടന്നുപോകുന്ന**
**ഓരോ വ്യക്തിയും നിന്റെ സഹോദരനാണ്"**

(ദൈവദാസൻ വില്യം ജകീന്താ)

# കിടപ്പാടം

**സിജി കുന്നത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**പാ**തിമെയ്യും നനവുള്ള മിഴികളും നീണ്ട മുടിയും പഴയ ഒരു സഞ്ചിയുമായി ഒരുവനും കൂട്ടില്ലാതെ ആ സന്ധ്യാനേരത്ത് ഒരു വൃദ്ധൻ. എങ്ങോട്ടെന്നില്ലാതെ നടന്നുനീങ്ങുകയാണ്. മഞ്ഞണിഞ്ഞ ആ സായംസന്ധ്യയിൽ ഏതെങ്കിലുമൊരു കടൽത്തിണ്ണ മാത്രമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. അവിടമാണ് അദ്ദേഹത്തിന്റെ കൂടാരം, ശാന്തതയും സമാധാനവും നിറഞ്ഞ ഇടം. ഏകാകിയെങ്കിലും തികച്ചും സന്തോഷവാനാണദ്ദേഹം. ക്രിസ്തുമസ് പുലരിയെ ദർശിക്കാനായിരുന്നു അദ്ദേഹത്തിന്റെ കാത്തിരിപ്പും. അവനെ ഏകനാക്കാൻ കൂട്ടാക്കാത്ത 'എമ്മാനുവേൽ' ജനിച്ച ദിനം.

ഹൃദയങ്ങളിൽ കൂടാരം തീർത്തവന്റെ ജനനമാണല്ലോ ക്രിസ്തുമസ്സ്. ഇത് മനുഷ്യമനസ്സിനു സമ്മാനിക്കുന്ന സന്തോഷവും സമാധാനവും അളവില്ലാത്തതാണ്. അന്നോളം സംഭവിക്കാത്ത പലതിനും സാക്ഷ്യം വഹിച്ച ഭൂമിയും ഭൂവാസികളും സ്വർഗവും സ്വർഗവാസികളും. എന്തൊക്കെ നന്മകളാണ് ഓരോരുത്തരും ഈ ദിവ്യപൈതലിന്റെ പിറവിയോടെ സ്വന്തമാക്കിയത്!

- സ്നേഹവും കരുതലും രക്ഷയും പ്രത്യാശയും സമ്മാനിക്കുന്ന ഒരു പുതുയുഗത്തിന്റെ പിറവി.
- സമ്പന്നനോ ദരിദ്രനോ എന്നല്ല, ആർക്കും എപ്പോഴും സമീപിക്കാനാവുന്ന ഒരു വ്യക്തിയെ ലോകത്തിനു ലഭിച്ച ദിനം.
- പഴയനിയമ സംഹിതകളെയെല്ലാം പുത്തനാക്കി, സ്നേഹത്തിന്റെ ഒരു നിയമം മാത്രം സംജാതമാക്കിയ നാളുകൾ.
- പ്രവാചകരുടെയും നീതിമാന്മാരുടെയും പ്രവചനങ്ങൾക്കു പൂർണ്ണത കൈവന്ന ദിനം.

ഒട്ടേറെ നന്മകളുടെയും ഓർമ്മകളുടെയും നിറച്ചാർത്തുസമ്മാനിക്കുന്ന ഈ മംഗലവാർത്ത - പിറവിക്കാലത്തിലൂടെ, വർഷങ്ങൾ പിന്നിടുന്തോറും നമ്മിൽ, ലോകത്തിൽ ഇനിയും നന്മകൾ സമ്മാനിക്കട്ടെ.

ആരാധനക്രമവത്സരത്തിൽ പുതിയ കാലത്തിലേക്കു പ്രവേശിക്കുമ്പോൾ രക്ഷകന്റെ കൂടെ യാത്ര ചെയ്ത് സ്വർഗം സ്വന്തമാക്കാനായി പരിശ്രമിക്കേണ്ടതില്ലേ? ലോകത്തിൽ നടമാടുന്ന തിന്മയ്ക്കു കടിഞ്ഞാണിടാൻ ക്രൈസ്തവനെന്ന നിലയിൽ എനിക്കെന്തു സാധിക്കും എന്നു ചിന്തിക്കേണ്ടതില്ലേ?

അതേ, നമുക്കും ചിന്തിക്കാം, പ്രതിജ്ഞയെടുക്കാം... പരിശ്രമിക്കാം.. ജീവിക്കാം... നന്മയുടെ വിതക്കാരാകാം. അങ്ങനെ ഭൂമിയാകുന്ന ഈ നൈമിഷിക കൂടാരത്തിൽ, കിടപ്പാടത്തിൽ, എത്രമാത്രം നന്മ പ്രസരിപ്പാൻ പ്രാപ്തിയുള്ള വിത്തുകളാണ് നാമെന്ന് തിരിച്ചറിയാം, അതീവതീക്ഷ്ണതയോടെ പ്രവർത്തിക്കാം. അങ്ങനെ കൂടെ നടക്കുന്നവന്റെ, കൂടെയായിരിക്കുന്നവന്റെ കൃപ സ്വന്തമാക്കാം.

''ഞങ്ങളുടെ കർത്താവായ ദൈവമേ, മാനവവംശത്തോടുള്ള സ്നേഹാധിക്യത്താൽ വിണ്ണിന്റെ മഹത്ത്വം മാറ്റിവച്ച നിന്റെ മഹോന്നതസ്നേഹം ഞങ്ങൾക്കനുഭവമാക്കണമേ. 'അമ്മനുവേൽ' അനുഭവത്തിൽ ആഴപ്പെട്ടുകൊണ്ട് നീയാകുന്ന സുവിശേഷത്തെ ഞങ്ങളുടെ ജീവിതങ്ങൾ വഴി ലോകം മുഴുവനോടും പ്രഘോഷിക്കുവാനും അങ്ങനെ നിന്റെ മനുഷ്യാവതാരത്തിന്റെ സത്ഫലങ്ങൾ ആസ്വദിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ആമ്മേൻ'' (എന്ദാനാ-മംഗലവാർത്ത ഞായർ).



# ഏലി

**ഷിജി പറപ്പള്ളിയാത്ത്**
അപ്പസ്തോലിക് ഒബ്ളേറ്റ്സ്

**എ**ഫ്രായിം മലനാട്ടിലെ റാമാത്തായിലെ പുരോഹിതനായിരുന്നു ഏലി. ഈ വാക്കിന് 'ഉയർന്നത്' എന്നാണർത്ഥം. പുരോഹിതശുശ്രൂഷയിൽ വിശ്വസ്തനായിരുന്നവൻ ആയിട്ടാണ് നാം ഏലിയെ കണ്ടുമുട്ടുന്നത്. ദൈവാലയത്തിന്റെ വാതിൽപടിക്കു സമീപം ഒരു പീഠത്തിൽ ഇരിക്കുന്നവനായിട്ടാണ് ബൈബിൾ ഏലിയെ പരിചയപ്പെടുത്തുക. ന്യായാധിപന്മാർക്കു പിമ്പും രാജാക്കന്മാർക്കു മുമ്പുമായി ഷീലോയുടെ ഭരണസാരഥിയായിരുന്നു അദ്ദേഹം. ജീവിതം യഥാവിധി ഉപയോഗപ്പെടുത്തുവാൻ മറന്നുപോയ പുരോഹിതൻ, നിഷ്ക്രിയത്വത്തിന്റെ ദിനങ്ങൾ പടിവാതിലിനു സമീപം പീഠത്തിലിരുന്നു കടത്തിവിടുന്നു.

വന്ധ്യയായ ഹന്നാ ദൈവസന്നിധിയിൽ കരഞ്ഞുപ്രാർത്ഥിക്കുന്നത് ഏലി ആദ്യം കാണുന്നത് മുൻവിധിയോടെയാണ്. ''എത്രനേരം നീ ഉന്മത്തയായിരിക്കും? നിന്റെ ലഹരി അവസാനിപ്പിക്കുക'' ശാസനയോടെ പറയുന്ന പുരോഹിതൻ. എന്നാൽ അവളെ ശ്രദ്ധയോടെ ശ്രവിച്ചു കഴിഞ്ഞപ്പോൾ അപ്പന്റെ മനസ്സോടെ അനുഗ്രഹിച്ചയയ്ക്കുന്നത് കാണാം. ''സമാധാനമായി പോവുക. ഇസ്രായേലിന്റെ ദൈവം നിന്റെ പ്രാർത്ഥന സാധിച്ചുതരട്ടെ'' (1 സാമു 1,17). ഹൃദയം നൊന്തു പ്രാർത്ഥിച്ച ഹന്നായ്ക്ക് ദൈവം കനിഞ്ഞു നല്കിയ പുത്രനെ - സാമുവേലിനെ ഏലിയുടെ ശിക്ഷണത്തിൽ മാതാപിതാക്കൾ ഏല്പിക്കുന്നു. കർതൃശുശ്രൂഷയുടെ ബാല

പാഠങ്ങൾ സാമുവേൽ പഠിച്ചെടുക്കുന്നത് പുരോഹിതനായ ഏലിയുടെ പക്കൽനിന്നാണ്. സുകൃതജീവിതം മാത്രമല്ല; സുകൃതജപവും ഏലി ബാലനെ പഠിപ്പിക്കുന്നു. ''അരുളിച്ചെയ്താലും, അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു'' (1 സാമു 3,10). ഒരു സാമുവേൽ പ്രവാചകനെ വാർത്തെടുക്കാൻ ദൈവം നിയോഗിച്ച പുരോഹിത ശ്രേഷ്ഠനാണ് ഏലി. ദൈവസ്വരത്തിന് കാതോർക്കാനുള്ള ഏലിയുടെ ആഹ്വാനമാണ് കൊച്ചുസാമുവേലിനെ മുന്നോട്ടുനയിച്ചതും. ജീവിതവഴിയിൽ ഒരു യഥാർത്ഥ ദിശ ലഭിക്കാനുള്ള ചൂണ്ടുപലകകൾ ആവശ്യമാണ്. നേർവഴിക്ക് വിരൽ ചൂണ്ടാനുള്ള നിയോഗം ആർക്കാണ് ലഭിക്കാത്തത്. ചിലർ അത് ശരിവയ്ക്കും. മറ്റുചിലർ അതിനെ മറികടക്കും. തിരഞ്ഞെടുപ്പ് എന്നെയും നിന്നെയും ആശ്രയിച്ചിരിക്കും.

ഏലി പുരോഹിതനായി ശുശ്രൂഷചെയ്യുന്ന കാലത്ത് കർത്താവിന്റെ അരുളപ്പാടുകൾ ചുരുക്കമായിട്ടേ ലഭിച്ചിരുന്നുള്ളൂ. ദർശനങ്ങളും വിരളമായിരുന്നു. ''ഏലി ഒരു ദിവസം തന്റെ മുറിയൽ കിടക്കുകയായിരുന്നു. അവന് ഒന്നും കാണാൻ കഴിയാത്തവിധം കാഴ്ച മങ്ങിത്തുടങ്ങിയിരുന്നു. ദൈവത്തിന്റെ മുമ്പിലെ ദീപം അണഞ്ഞിരുന്നില്ല''. മുറിക്കുള്ളിലെ ഏലിയുടെ കിടപ്പ് വിശ്രമത്തിന്റേതോ? മനസ്സും ശരീരവും സുഖിക്കാൻ വിട്ടുകൊടുക്കുന്നതിന്റെയോ? ജാഗ്രതയുള്ള ജീവിതം നയിക്കേണ്ടവൻ കാണേണ്ടതും കേൾക്കേണ്ടതും പരിഗണിക്കാതെ പോകുന്നു. കാലമോ, ജീവിതത്തിന്റെ അലസഭാവമോ ഏലിയെ വൃദ്ധനാക്കിയത്? കേൾവിക്കും കാഴ്ചയ്ക്കും മങ്ങലേറ്റവൻ! തിരിച്ചറിവ് നഷ്ടമായിക്കൊണ്ടിരിക്കുന്ന ജീവിതശൈലി. ജീവിതദർശനങ്ങൾ കൈമോശം വരുത്താൻ പാടില്ല എന്നൊരു പാഠഭേദം നാം അറിയേണ്ടതുണ്ട്. ദൈവിക അരുളപ്പാടിനെ ഏലി തിരിച്ചറിയുന്നത് മൂന്നാം പ്രാവശ്യം മാത്രമാണ്. 'മുറിക്കുള്ളിലെ കിടപ്പ്' തന്റെതന്നെ ജീവിതദൗത്യത്തോട് കൂറ് പുലർത്താത്തതിന്റെ അടയാളമാണോ? ഏല്പ്പിക്കപ്പെടുന്ന ദൗത്യം ചെറുതെങ്കിലും വിശ്വസ്തതയോടും ജാഗ്രതയോടും നിർവ്വഹിക്കാനാവണം. അവിടെയാണ് നന്മകൾ കടന്നുവരുന്നത്.

ദൈവത്തെയും ദേവാലയത്തെയും സ്നേഹിച്ച ഏലി ജീവിതപാഠങ്ങൾ മക്കൾക്ക് പകർന്നുകൊടുക്കുന്നതിൽ പരാജയപ്പെട്ടു. തലമുറയെപ്പറ്റി നല്ലത് കേൾക്കുവാനാഗ്രഹിക്കുന്ന ഏലിക്ക് മക്കളുടെ ജീവിതത്തെക്കുറിച്ച് ദുഷിച്ചവ മാത്രമാണ് കേൾക്കേണ്ടിവരുന്നത്. ദുർമാർഗികളും കർത്താവിനെ ബഹുമാനിക്കാത്തവരുമായിരുന്നു ഏലിയുടെ മക്കൾ. ബലിയർപ്പിക്കാൻ വരുന്നവരോട് അവർ മോശമായി ഇടപെട്ടിരുന്നു. കർത്താവിനുള്ള അർച്ചനയെ അശ്രദ്ധയോടെ വീക്ഷിച്ചിരുന്നു. മാത്രവുമല്ല, സമാഗമകൂടാരത്തിന്റെ പ്രവേശനകവാടത്തിൽ ജോലിചെയ്തിരുന്ന സ്ത്രീകളോടൊത്ത് അവർ ശയിച്ചിരുന്നു. തന്റെ പുത്രന്മാർ ഇസ്രായേൽജനത്തോട് ചെയ്തിരുന്നതെല്ലാം ഏലി കേട്ടിരുന്നു. അദ്ദേഹം അവർക്ക് താക്കീത് നല്കുന്നുണ്ട്. ''നിങ്ങളെപ്പറ്റി ദൈവജനം പറഞ്ഞ് ഞാൻ കേൾക്കുന്ന കാര്യങ്ങൾ തീരെ നന്നല്ല. മനുഷ്യൻ മനുഷ്യനോട് പാപം ചെയ്താൽ ദൈവം അവനുവേണ്ടി മാധ്യസ്ഥ്യം വഹിക്കും. കർത്താവിനോട് പാപം ചെയ്താൽ ആർ മാധ്യസ്ഥ്യം വഹിക്കും ? പക്ഷേ അവർ പിതാവിന്റെ വാക്കുകേട്ടില്ല''. ധിക്കാരികളായ മക്കളെ തിരുത്തേണ്ടവിധം തിരുത്താത്തതിന്റെ ഫലമാണ് ഏലിയുടെ ഭവനത്തിന് വന്നുഭവിച്ചത്.

പുരോഹിതനായ ഏലിയുടെയും മക്കളുടെയും തെറ്റുകൾ ഒന്നൊന്നായി ഒരാൾ വെളിപ്പെടുത്തുന്നത് 1 സാമു 2,27-36 ൽ കാണുന്നുണ്ട്. കർത്താവിന് ദൈവജനം അർപ്പിച്ച സകല ബലികളുടെയും വിശിഷ്ട ഭാഗം അവർ ഭക്ഷിച്ചിരുന്നു. ദൈവത്തേക്കാൾ കൂടുതൽ മക്കളെ ബഹുമാനിക്കുന്ന പുരോഹിതനെ ശപിക്കുന്നതു കാണാം. പുരോഹിതസ്ഥാനത്തുനിന്ന് അവനെ മാറ്റിക്കളയുന്നു. ദൈവത്തെ ആദരിക്കുന്നവരെ ദൈവം ആദരിക്കും. ദൈവത്തെ നിന്ദിക്കുന്നവർ നിന്ദിക്കപ്പെടുമെന്നും മുന്നറിയിപ്പ് നൽകുന്നു. വാർദ്ധ്യക്യത്തിലെത്താൻ ആർക്കും ഇടയാകാത്ത

വിധം അവന്റെ ഭവനത്തിന്റെ ശക്തി ക്ഷയിക്കാനും മറ്റുള്ളവരുടെ നന്മകൾ കണ്ട് അസ്വസ്ഥരും അസൂയാലുക്കളുമായിത്തീരാൻ ഇടയാകുമെന്നും അറിയിക്കുന്നു. നഷ്ടമാക്കിയ പുരോഹിതസ്ഥാനത്തിനുവേണ്ടി കെഞ്ചുന്ന കാലം വരുമെന്നും കൂട്ടിച്ചേർക്കുന്നു. ഏലിയുടെ പുത്രന്മാരായ ഹോഫ്നിയും ഫിനെഹസും ഒരേ ദിവസം മരിക്കുമെന്ന അടയാളവും നല്കുന്നു.

കൊച്ചുസാമുവേൽ മുഖേനയും ഏലിയുടെ കുടുംബത്തിനെതിരായി ദർശനങ്ങളും അരുളപ്പാടുകളും നല്കുന്നുണ്ട്. ''മക്കൾ ദൈവദൂഷണം പറയുന്ന കാര്യം അറിഞ്ഞിട്ടും അവരെ തടയാഞ്ഞതുമൂലം ഞാൻ അവൻെറ കുടുംബത്തിൻെറ മേൽ എന്നേക്കുമായി ശിക്ഷാവിധി നടത്താൻ പോവുകയാണെന്ന് ഞാൻ പറയുന്നു. ഏലിക്കുടുംബത്തിൻെറ പാപത്തിനു ബലികളും കാഴ്ചകളും ഒരിക്കലും പരിഹാരമാവുകയില്ലെന്നു ഞാൻ ശപഥംചെയ്യുന്നു'' (1 സാമു 3,13-14).

ഏലിയുടെ തലമുറയിൽനിന്ന് ദൈവം ആഗ്രഹിച്ചത് വിശ്വസ്തരായ പുരോഹിതരെയായിരുന്നു. എന്നാൽ മറിച്ചാണ് അനുഭവം. ജീവിതകടമകളിൽ പാളിച്ചകൾ വന്നപ്പോൾ തിരുത്തപ്പെടലുകൾ വേണ്ടവിധം സ്വീകരിച്ചിരുന്നെങ്കിൽ ഏലിയുടെ ഭവനം നിലനിൽക്കുമായിരുന്നു. താമസിയാതെ ഫിലിസ്ത്യർ ഇസ്രായേലിനെതിരെ യുദ്ധത്തിനുവന്നു. യുദ്ധക്കളത്തിൽ ഇസ്രായേൽക്കാർ പരാജയപ്പെട്ടു. നിരവധിയാളുകളെ ഫിലിസ്ത്യർ വധിച്ചു. ശേഷിച്ചവർ പാളയത്തിലെത്തിയപ്പോൾ ഇസ്രായേലിലെ ശ്രേഷ്ടന്മാരുടെ അഭിപ്രായമനുസരിച്ച് ഷീലോയിൽനിന്ന് വാഗ്ദാനപേടകം തങ്ങളുടെ കൂടാരത്തിലെത്തിച്ചു. അവരോടൊപ്പം ഏലിയുടെ പുത്രന്മാർ രണ്ടുപേരും ഉണ്ടായിരുന്നു. വാഗ്ദാനപേടകം കൂടാരത്തിലെത്തിയപ്പോൾ ഇസ്രായേൽജനം ആനന്ദിച്ച് ആർത്തുവിളിച്ചു. അതിന്റെ പ്രതിധ്വനി ശബ്ദം ഭൂമിയിലെങ്ങും നിറഞ്ഞു. ഇസ്രായേൽജനത്തിന്റെ ആർപ്പുവിളികൾ കേട്ടുഭയന്ന ഫിലിസ്ത്യർ വീണ്ടും ഇസ്രായേലിന്റെ കൂടാരത്തെ സമീപിക്കുകയും മുപ്പതിനായിരം നിലംപതിക്കുകയും വാഗ്ദാനപേടകം അവർ കൈവശപ്പെടുത്തുകയും ചെയ്തു. കൂടാതെ ഏലിയുടെ പുത്രന്മാർ ഹോഫ്നിയും ഫിനെഹാസും വധിക്കപ്പെട്ടു.

യുദ്ധരംഗത്തുനിന്ന് ഒരുവൻ ഷീലോയിലേക്ക് ഓടിയെത്തി. അവൻ അവിടെയെത്തുമ്പോൾ ഏലി വഴിയിലേക്ക് ഉറ്റുനോക്കിക്കൊണ്ട് പീഠത്തിൽ ഇരിക്കുകയായിരുന്നു. ഇസ്രായേല്യരുടെ പരാജയവും, തന്റെ പുത്രന്മാരുടെ മരണവാർത്തയും, ദൈവത്തിന്റെ പേടകം ഫിലിസ്ത്യർ കൈവശപ്പെടുത്തിയതുമെല്ലാം അവൻ വിവരിച്ചു. ദൈവത്തിന്റെ പേടകം എന്നു കേട്ടപ്പോൾത്തന്നെ ഏലി വാതില്പ്പടിക്കരികെയുള്ള പീഠത്തിൽനിന്നു പിറകോട്ടു മറിഞ്ഞു. വൃദ്ധനും ക്ഷീണിതനുമായ അവൻ കഴുത്തൊടിഞ്ഞു മരിച്ചു. അവനു തൊണ്ണൂറ്റെട്ടു വയസ്സുണ്ടായിരുന്നു. നാല്പതുവർഷം ഇസ്രായേലിനെ ന്യായപാലനം നടത്തിയ ഏലി മനുഷ്യഹൃദയത്തിൽ ദേവാലയം പണിയുവാൻ മറന്നിരുന്നു.

**ഏലിയുടെ ജീവിതപാഠം**

* ബലിയർപ്പണത്തിൽ അശ്രദ്ധയും അലസഭാവവും പാടില്ല.
* വിശ്വസ്തതയോടെ ജീവിതകടമകൾ ചെയ്യുക.
* ദൈവത്തെ ബഹുമാനിക്കുക, നിന്ദിക്കാതിരിക്കുക.
* ദൈവത്തിന്റെ ഹൃദയാഭിലാഷങ്ങൾ അറിയുക, അതനുസരിച്ച് പ്രവർത്തിക്കുക.
* ആത്മീയജീവിതത്തിൽ അന്ധതയും ബധിരതയും ഇടം പിടിക്കാതെ ജാഗ്രത പുലർത്തുക.

# സെനക്കിൾ തരംഗം

**സന്ദേശം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

പുതിയ ആരാധനക്രമവർഷം ആരംഭിക്കുകയാണല്ലോ, വിവിധ കാലങ്ങളിലൂടെ മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾ മുഴുവനും അനുഭവവേദ്യമാക്കിക്കൊണ്ട് സഭാത നയരുടെ സ്വർഗോന്മുഖ തീർത്ഥാടനം വിജയപ്രദമാക്കുവാൻ സഭാമാതാവ് സംവിധാനം ചെയ്തിരിക്കുന്നതാണ് ആരാധനക്രമവത്സരം. സീറോമലബാർസഭയിൽ ആരാധനക്രമജീ വിതത്തിന് തുടക്കം കുറിക്കുന്ന മംഗലവാർത്തക്കാലത്തിലേക്കു നാം പ്രവേശിക്കുമ്പോൾ, ആദിമാതാപിതാക്കളുടെ അനുസരണക്കേടും അതിന്റെ അനന്തരഫലവും അധഃപതിച്ച മനു ഷ്യവംശത്തിന് മിശിഹായുടെ മനുഷ്യാവതാരം വഴി കരഗതമായ സമാധാനവും പ്രത്യാശയും സ്വായത്തമാക്കി, മിശിഹായുടെ സാക്ഷികളും പ്രേഷിതരുമായിത്തീരുവാൻ അജഗണങ്ങളെ സജ്ജരാക്കുവാൻ നമുക്കു പരിശ്രമിക്കാം.

പ്രാർത്ഥനാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**

സ്ഥാപകഡയറക്ടർ

## വാർത്തകൾ

2022 സെപ്റ്റംബർ 21-ാം തീയതി അപ്പസ്തോലിക് മാക്സിമലിസം കുടുംബം മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ ഒരുമിച്ചുകൂടി കുടുംബസമ്മേളനം നടത്തി. സ്ഥാപ കഡയറക്ടർക്ക് നാമഹേതുകജന്മദിനാശംസകൾ നേരുകയും അനുഭവങ്ങൾ പങ്കുവയ്ക്കു കയും ചെയ്തു. എല്ലാവരും ഒരുമിച്ച് കുർബാനയർപ്പിച്ച് കുടുംബക്കൂട്ടായ്മ നവീകരിച്ച് ഉറ പ്പിക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ മല്പാനച്ചൻ വിശുദ്ധ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷാചരണത്തെപ്പറ്റി സംസാരിക്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, ***സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018*** എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# നീ അവനോടു ചോദിച്ചോ?

**അശ്വതി പുതുമന**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒ**ന്നും ചോദിക്കാൻ ഇടനൽകാതെ എല്ലാം തന്നവൻ ചോദിക്കും മുമ്പേ പലതും അറിഞ്ഞും കണ്ടും കുറവൊന്നും വരുത്താതെ ചെയ്തവൻ. അവന്റെ നിറവുകളിൽ നിന്നപ്പോൾ ജീവിതത്തിൽ അല്പം അഹന്ത തലപൊക്കിയോ എന്ന സംശയം. അതു സംശയമല്ല സത്യം.

പിന്നെ അങ്ങോട്ടു സ്വന്തം ആഘോഷങ്ങൾ മാത്രം. സ്തുതിയും പുകഴ്ചയും എനിക്കു മാത്രം. എന്റെ കഴിവുകളിൽ മറ്റുള്ളവർ വിസ്മയിച്ചപ്പോൾ അത് നൽകിയവനെ നോക്കാതെ എന്നിലേക്കു തിരിഞ്ഞ് സ്വയം പുകഴ്ത്തി മുന്നേറിയ അവസരം. മറ്റുള്ളവരുടെ യാചനകൾക്കോ, വേദനകൾക്കോ, നിരാശകൾക്കോ മുമ്പിൽ പരിഹാസം ഇടാൻപോലും പലപ്പോഴും മടിക്കാതിരുന്നില്ല.

'ഒരു കുന്നിന് ഒരു താഴ്ച്ച' എന്ന പ്രകൃതി ക്രമീകരണം പോലും ജീവിതത്തെ ചിന്തിപ്പിക്കാതെ ഉഴുതുമറിച്ച് ഒരു പോക്കായിരുന്നു.

എന്നാൽ ഇതെല്ലാം നൽകിയവൻ കാണുന്നുണ്ട് എന്ന് ചിന്തിക്കാൻ അവൻതന്നെ അവസരം ഒരുക്കുന്ന ദിനം. അതെ അത് ഭയാനകം, ഭീതിജനകം. ഓരോന്നായി തിരികെ എടുത്തപ്പോൾ കഴിവുകൾ, സ്ഥാനങ്ങൾ, സമ്പത്ത് എന്തിനേറെ ജീവിതതേജസ്സുതന്നെ. അവിടംമുതൽ മനസ്സിലാക്കി എന്തായിരുന്നു നിരാശയിൽ ആഴ്ന്നവന്റെ ഹൃദയനൊമ്പരം

എന്ന്. അത്രയും താഴ്ത്തപ്പെടണമായിരുന്നു വേദനിക്കുന്നവന്റെ വേദന മനസ്സിലാക്കാൻ. അവഗണനയുടെ അഗ്നിക്ക് ഇത്രയും പൊള്ളിക്കുവാൻ സാധിക്കും എന്ന് അന്നാണ് മനസ്സിലായത്. ഇല്ലാത്തവന്റെ നൊമ്പരത്തിന് കോടി മണൽത്തരിയുടെ ചുട്ടുപൊള്ളുന്ന വേദനയുണ്ടെന്ന്.

ഞാൻ ഒന്ന് ഒറ്റക്കിരിക്കണം ഒരിക്കൽ എങ്കിലും. എവിടെയാണ് എന്നു ചിന്തിക്കാൻ. ഒന്നും ഇല്ലാതെയാവണം ഉള്ളായ്മയിൽനിന്നും. മാറ്റി നിർത്തപ്പെടണം, കൂട്ടത്തിന്റെ മാധുര്യം അറിയാൻ. തനിച്ചാകണം, ഹൃദയത്തെ തൊടാൻ അവനെ അനുവദിക്കാൻ.

അപ്പോഴാണ് കേട്ടത് ജറുസലെം വീഥിയിൽ ഒരു ശബ്ദം. അതാ ആയിരങ്ങൾ ഓടിക്കൂടുന്നു. അവിടെ സൗഖ്യമുണ്ട്, അവിടെ സുഖമുണ്ട്. അതെ സൗഖ്യത്തേക്കാൾ ഉപരി സമാധാനം ഉള്ള ഒരുവൻ. ഞാൻ ചോദിച്ചു. ഗുരോ അങ്ങ് എവിടെ വസിക്കുന്നു. എന്റെ കണ്ണുകളിലേക്ക് അവൻ നോക്കി. ഒരു പരാജിതന്റെ നെടുവീർപ്പ് കണ്ടതുകൊണ്ടാവാം വന്നു കാണാൻ അവൻ എന്നെ ക്ഷണിച്ചത്, കാണാൻ മാത്രമല്ല താമസിക്കാനും.

പിന്നെ അങ്ങോട്ടൊരു കിതപ്പില്ലാത്ത കുതിപ്പായിരുന്നു. സ്നേഹിക്കാൻ, സ്നേഹിക്കാൻ, സ്നേഹിക്കാൻ. ഒന്നും നോക്കിയില്ല, വരവു ചെലവുകൾ കൂട്ടിയില്ല, നഷ്ടപ്പെടലുകൾ കണക്കിലെടുത്തില്ല, പരാജയങ്ങൾ വകവച്ചില്ല. കാരണം കൂടെ വസിക്കാൻ അനുവദിച്ചവൻ ഹൃദയത്തിലാണ് വസിച്ചത്. പിന്നെ അങ്ങോട്ട് സമാധാനം, ശാന്തി.

അതെ ജീവിതത്തിന്റെ കുത്തൊഴുക്കിനനുസരിച്ച് ഒഴുകുമ്പോഴും നീ അവനോടു ചോദിക്കണം. ഗുരോ അങ്ങ് എവിടെ വസിക്കുന്നു എന്ന്. ഞാൻ നിന്റെ ഹൃദയത്തിൽ വസിക്കുന്നു എന്ന് അവൻ ഉത്തരം നൽകിയില്ലെങ്കിൽ ഒന്നു നിൽക്കുക. അവന്റെ കൂടെ വസിച്ച് അവനെ ഹൃദയത്തിൽ വസിക്കാൻ അനുവദിച്ച് ജീവിതത്തിൽ മുമ്പോട്ടുപോകുക.

റബ്ബീ-അങ്ങ് എവിടെയാണു വസിക്കുന്നത്? അവൻ പറഞ്ഞു. വന്നു കാണുക. അവർ ചെന്ന് അവൻ വസിക്കുന്നിടം കാണുകയും അന്ന് അവനോടുകൂടെ താമസിക്കുകയും ചെയ്തു (യോഹ1,38-39).




## നിന്നെയും വിളിക്കുന്നു.....

☞ നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....

☞ വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....

☞ കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

**മേരിക്കുട്ടി**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

'കൃപനിറഞ്ഞവളെ സ്വസ്തി' എന്ന മാലാഖയുടെ അഭിവാദനം സ്വീകരിച്ച് മാലാഖയുടെ അഭിവാദനത്തിന് 'ഇതാ കർത്താവിന്റെ ദാസി 'എന്നു പറഞ്ഞ പരിശുദ്ധ അമ്മേ, അനുദിനം എന്നോടു സംസാരിക്കുന്ന ദൈവസ്വരത്തെ തിരിച്ചറിയുന്നതിനും പ്രത്യുത്തരിക്കുന്നതിനുമുള്ള കൃപ ലഭിക്കാൻ അങ്ങേ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**രണ്ടാം ദിവ്യരഹസ്യം:**

നന്മയാൽ പൂരിതയായ പരിശുദ്ധ അമ്മേ, നിന്നിലെ നന്മ പകരാൻ നീ എലിസബത്തിനെ സന്ദർശിച്ചതുപോലെ എല്ലാവർക്കും നന്മയുടെ ഒരു സാന്നിധ്യമാകാനായി എന്നിലും നന്മ നിറഞ്ഞ ഒരു ഹൃദയം ഉരുവാകുവാൻ അങ്ങേ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**മൂന്നാം ദിവ്യരഹസ്യം:**

രക്ഷകനെ ഈ ലോകത്തിനു നല്കാൻ ജീവിതം സമർപ്പിച്ച പരിശുദ്ധ അമ്മേ, എന്റെ ജീവിതവും എല്ലാവർക്കും രക്ഷാകരമാകുവാനും രക്ഷകനിലേക്ക് നയിക്കുന്നതാകുവാനും അമ്മ അങ്ങേ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**നാലാം ദിവ്യരഹസ്യം:**

എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ജീവിതാനുഭവങ്ങളെയെല്ലാം ദൈവാനുഭവങ്ങളാക്കിയ പരിശുദ്ധ അമ്മേ, അനുദിനജീവിതാനുഭവങ്ങളിൽ ദൈവസാന്നിധ്യം ദർശിക്കാനും അവ യെല്ലാം ദൈവാനുഭവങ്ങളായി സ്വീകരിക്കുന്നതിനുമുള്ള കൃപയ്ക്കായി അമ്മ അങ്ങേ തിരു ക്കുമാരനോടു പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**അഞ്ചാം ദിവ്യരഹസ്യം:**

'അവൻ നിങ്ങളോടു പറയുന്നത് ചെയ്യുവിൻ' എന്നു പറഞ്ഞ് രക്ഷകനിലേക്ക് എല്ലാവ രെയും നയിക്കുന്ന പരിശുദ്ധ അമ്മേ, വചനം ശ്രവിക്കുവാനും അതനുസരിച്ചു ജീവിക്കാനു മുള്ള കൃപയ്ക്കായി അമ്മ അങ്ങേ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

1 സ്വർഗ, 10 നന്മ, 1 ത്രിത്വ.

**പ്രാർത്ഥിക്കാം:**

ഞങ്ങളെ ഓരോരുത്തരെയും നിന്റെ സ്വന്തത്തിലേക്ക് സ്വീകരിച്ച പരിശുദ്ധ അമ്മേ, ഞങ്ങൾ എപ്പോഴും നിന്റെ ചാരെ ചേർന്നു നടക്കേണ്ടതിന് ഞങ്ങൾക്കു കാലിടറുമ്പോൾ കാവലായിരുന്നുകൊണ്ട് പുത്രന്റെ പക്കൽ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. ഞങ്ങളിൽ നിന്നും അവിടുത്തെ സ്നേഹാഗ്നി വിട്ടുപിരിയാതിരിക്കട്ടെ. തിരുക്കുടുംബത്തിന്റെ ദിവ്യതേ ജസ്സാൽ പുണ്യമാക്കപ്പെട്ട ഒരു ജീവിതം ഞങ്ങളിൽ നിറച്ചുകൊണ്ട് ഞങ്ങളുടെ വഴിത്താര കളെ എന്നും വിശുദ്ധമായി കാക്കണമേ. വിശുദ്ധിയുടെ മാതൃകയായ അങ്ങയുടെ വിമലഹൃ ദയം, വിശുദ്ധിയിലൂടെയുള്ള ഞങ്ങളുടെ യാത്രയ്ക്ക് എന്നും മാർഗദീപമായിത്തീരട്ടെ. ആമ്മേൻ.

"വിജ്ഞാനികൾ അവിടുത്തെ അന്വേഷിച്ചു,
അവനെ പുൽക്കൂട്ടിൽ കണ്ടപ്പോൾ
അന്വേഷണത്തിനു പകരം,
അവർ നിശബ്ദതയിൽ ആരാധിച്ചു.
ശുഷ്കമായ തർക്കങ്ങൾക്കു പകരം,
അവന് കാഴ്ചകൾ അർപ്പിച്ച്
നീയും ആദ്യജാതനെ അന്വേഷിക്കുക;
നീ അവനെ ഉന്നതത്തിൽ കണ്ടാൽ,
അർത്ഥശൂന്യമായ അന്വേഷണങ്ങൾക്കു പകരം
നിന്റെ നിക്ഷേപങ്ങൾ അവന്റെ മുമ്പിൽ തുറന്ന്
നിന്റെ സത്പ്രവൃത്തികൾ അവനു കാഴ്ച വയ്ക്കുക"

(മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ 21,25)



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th November 2022

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"സൃഷ്ടിയേ, ഞങ്ങളുടെ പെരുന്നാളിൽ
മുഖാവരണം നീക്കി നിന്റെ മുഖം സന്തുഷ്ടമാക്കുക.
സഭയേ, ഏകസ്വരത്തിൽ പാടുക.
ആകാശവും ഭൂമിയും നിശബ്ദതയിൽ പാടട്ടെ.
എല്ലാവർക്കും ദാസ്യവിമോചനം കൊണ്ടുവന്ന
ശിശുവിനെ ഏറ്റുപറഞ്ഞ് പ്രകീർത്തിക്കുവിൻ.
കടച്ചീട്ട് പിച്ചിക്കീറിയവൻ അനുഗൃഹീതനാകുന്നു."

(മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ 22,൧)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O.,
Kottayam - 686 018; Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published
at Spirituality Centre, Manganam P.O., Kottayam - 686 018, Ph:9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal